COLLEGE MAGAZINE 1995

# Sarangi



THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE,
KARICODE, KOLLAM.

# THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE

KOLLAM - 691005.

P.B. No. 1300

Ph : Principal : 76817
Office : 745240

BIRTH CENTENARY YEAR OF OUR FOUNDER

1996
1997

"THOSE WHO SPEND THEIR WEALTH IN THE PATH OF VIRTUOUS DEEDS, THEIR ABODE IS HEAVEN"

TK
MC
MAGAZINE



# T. K. M

# COLLEGE OF ARTS AND SCIENCE

## MAGAZINE 94-95

F O U N D E R



JANAB. A. THANGAL KUNJU MUSALIAR

CHAIRMAN, GOVERNING BODY



JANAB. S.H. MUSALIAR

TREASURER, GOVERNING BODY



JANAB. T.,KAMALUDDIN MUSALIAR

# OUR PRINCIPAL



PROF: (LT. COL.) BASHEERKANNU

STATEMENT OF OWNERSHIP AND PARTICULARS ABOUT THE PUBLICATION.
THANGAL KUNJU MUSALIAR COLLEGE OF ARTS & SCIENCE 1994-95 (FORM IV SEE RULE 8).
Place of Publication : Karikode, Kollam
Periodicity of Publication : Annual
Printer's Name : Prof. Lt. Col. Basheer Kannu
Nationality : Indian
Address : Prof. Lt. Col Basheer Kannu
Principal, TKM College of Arts & Science. Karikode, Kollam

I, Basheer Kannu here by declare that the particulars given above are true to the best of my knowledge and belief.
Sd.
Basheer Kannu
Principal, TKM College, Kollam

# DEDICATION



To Those, who can't
Suffices their hunger:
Who can't cloth;
Who can't find a place to nest;
To them this is dedicated.

"The mob set our house on fire.
As we ranout,
they surrounded my parents,
uncle and aunt and thurst swords in
to them".

Tasfim Banu, 12

*Victim of the moment of the post-Ayodhya blood bath*

# ആമുഖം

നിങ്ങളെന്താണ് മണലിലെഴുതുന്നത്!
ശക്തിയായ കൊടുങ്കാറ്റു വരുന്നുണ്ടല്ലോ.
കൂട്ടുകാരെ! ഈ യാത്രയിൽ എന്തിനാണിത്ര മത്സരം,
എല്ലാ ശിരസിലും മുറിവുകൾ, കൈകളിൽ കല്ലുകൾ
അല്പം ശ്വാസോച്ഛ്വാസം വിലയ്ക്കുവാങ്ങാൻ,
ദിനംതോറും വിൽക്കുന്നു കുറച്ചു ജീവിതം ചിലർ.
എല്ലാവർക്കും താനാരാണെന്നറിയാമല്ലോ.
പിന്നെന്തിനു വെറുതെ അലക്സാണ്ടറെന്നു ഭാവിക്കുന്നു.
ഇംഗിതമനുസരിച്ച് ആളുകൾ പുതിയ മുഖാവരണം ധരിക്കുന്നു.
ശരിയായ മുഖഭാവം മറയ്ക്കുവാനുള്ള യത്നം
പലപ്പോഴും നിഷ്ഫലമല്ലേ.
സംശുദ്ധമായ കർമ്മപഥമില്ലാതെ
നിങ്ങളെങ്ങിനെ
എല്ലാവരിലും നല്ലവനാകും,
ലോകത്തിന്റെ വഴികാട്ടിയാകും,
പുരോഹിതനാകും, പ്രവാചകനാകും ?
എല്ലാവരേയും സന്തോഷിപ്പിക്കുന്ന,
വിശപ്പിനെ മറക്കാൻ സഹായിക്കുന്ന,
സത്യത്തിന്റെ ചന്ദ്രികാകിരണങ്ങൾ
നിറഞ്ഞുനിൽക്കുന്ന,
പ്രതീക്ഷയുടെ പൊന്നൊളി വിതറുന്ന
ഒരാശയമല്ലേ നമുക്കുവേണ്ടത്.
ആ ആശയത്തിന്റെ
ലക്ഷ്യപ്രാപ്തിക്കായി
നമുക്ക് ഒന്നായി യത്നിക്കാം.

**എ. ജമാൽ മുഹമ്മദ്**
സ്റ്റാഫ് എഡിറ്റർ

TKMC MAGAZINE

# എഡിറ്റോറിയൽ

**കൂട്ടരേ,**

രാവുകൾ പകലുകളാക്കിയ അദ്ധ്വാനം
ഇവിടെ സഫലമാകുന്നു
കൈവിരൽത്തുമ്പിൽ നിന്നുതിർന്നുവീണ
വരകളും വർണ്ണങ്ങളും നിങ്ങളുടേതുകൂടിയാണ്.
സഹനത്തിന്റെ വഴിത്താരയിൽ ചിതറിവീണ ചുടുചോരയാണ്.
വിശക്കുന്ന വയറിന്റെ നിലയ്ക്കാത്ത വിളിയാണ്.
നെഞ്ചിലെ നെരിപ്പോടിൽ ജ്വലിക്കുന്ന കനലുകളാണ്.
മൗനത്തിന്റെ വാൽമീകങ്ങൾ തകർത്ത ചേതനയാണ്.
മനസ്സിലെ കത്തുന്ന വികാരമാണ്.
ഇന്നലെകളിലെ നിങ്ങളുടെ നിനവുകൾ
ഒന്നെങ്കിലുമായി ഈ സ്മരണികയിൽ പുനർജ്ജനിച്ചതെങ്കിൽ
ഞങ്ങൾ കൃതാർത്ഥരായി.

ഞങ്ങളെ അറിയുന്ന ഞങ്ങളറിയുന്ന നിങ്ങളുടെ മുന്നിൽ
ഒരു പൊയ്മുഖം ആവശ്യമില്ല
തുറന്നുപറയട്ടെ...
പൂർണ്ണമായതൊന്നുമില്ലെന്ന സത്യം
ഈ സ്മരണികയ്ക്കുകൂടി ബാധകമാണ്.

ഇന്നു നമ്മുടെ ബോധമണ്ഡലത്തെ നിയന്ത്രിക്കാൻ
വിഗ്രഹത്തിനു പാൽനൽകിയ കരങ്ങൾ
നീളുന്നത് നാം കാണുന്നു.
മതമെന്ന കറുപ്പിന്റെ ലാസ്യത്തിൽ
നാം നമ്മുടെ ചൂണ്ടുവിരലിൽ
വർഗ്ഗീയതയുടെ പാപക്കറ മുക്കിയെങ്കിൽ
അതു തിരിച്ചറിയാൻ നേരമായി
കൂട്ടരേ,
നാളെ
നമ്മുടേതാണ്.

ഒരുകുടന്ന സ്നേഹത്തോടെ,

**അസിം .എ**
സ്റ്റുഡന്റ് എഡിറ്റർ

# EDITORIAL BOARD



**CHIEF EDITOR**
Prof: (Lt: Col) BASHEER KANNU



**STAFF ADVISER**
Prof. ABDUL VAHID



**STAFF EDITOR**
JAMAL MUHAMMED



**CHIEF STUDENT EDITOR**
AZEEM .A

# SUB EDITORS



Depak Raj



Prasanth V.P.



Sreejith



Sunil Kumar

CO-ORDINATOR



Biju

# UNION BEARERS

VICE CHAIRMAN



Hazeena .J.

CHAIRMAN



Maneesh .N.

GENERAL SECTRETARY



Saltus J. Samual

TKMC MAGAZINE

# UNION BEARERS

MAGAZINE EDITOR



A. AZEEM

ARTS CLUB SECRATARY



UDAYAKUMAR

U.U. COUNCILLOR



A. GRACIOUS

U.U. COUNCILLOR



ABDUL JABBAR .B.

# REPRESENTATIVES

2nd PDC Rep



ARUN .P.S

1st DC Rep



SAFEER

2nd DC Rep



AFSAL .B.

3rd DC Rep



SREEKUMAR

## LADY REPPRESENTATIVES



ANITHA RAVI



MYTHILY DEVI

# ASSN. SECRETARIES

ISLAMIC HISTORY



BIJU

PHYSICS



ALBIN DAS

CHEMISTRY



SULFIKKAR

BOTANY



ANVAR M.A

ZOOLOGY



GOPAN

MATHS



NAJIMUDEEN

COMMERCE



HASKAR

## Annual Report

Dear College Union Chairman - Maneesh, Honourable guests, parents, dear colleagues and beloved students, ladies and gentlemen.

I deem it as my privilege to present before you this annual report of the various activities during the academic year. We are able to maintain the unique honour of top discipline in the campus and my thanks to my staff and students. We made a mark of progress in the results also.

The strength of students has reached nearly 4000 of whom fifty per cent are girls. We have 26 Pre-Degree batches, 8 Degree Faculties and Three most demanding P.G. Courses.

Out staff strength is 200 ie., 120 in teaching and 80 non-teaching. Many of teachers have finished M Phil and attended Refresher Courses in their faculties.

The College gets assistance from U.G.C. for under - graduate and post-graduate developments. The management is profusely rendering all sorts of assistance for the progress of the institution.

The National Service Scheme, National Cadet Corps, Centre for Women's Studies, Parent-Teacher Association, Former Students Association, Science-Forum, Tourism Club, Advisory System, Planning Forum are working most effectively.

The Department of Physical Education, Co-operative Societies. College Library are also put in valuable efforts and service for the development of better career for children.

The existence of Endowment Scholarships, Students Aid Fund are of valuable service to the children belonging different faculties.

Prof. P.L. Mariam and Prof. Elizabeth K. Prema retire's after valuable and meritorious service. All Best wishes to them.

Let me conclude with thanks to our beloved Chairman,

Janab S.H. Musaliar and each and everyone for their unstinsted support and co-operation rendered to me for holding and smooth and fruitful academic year.

Principal

# OATH Taking

1994 October 4



CHAIRMAN
MANEESH



VICE CHAIRMAN
HAZEENA



GENERL SECRETARY
SALTUS .J. SUMUAL

# OATH Taking



EDITOR
AZEEM



U.U.C
GRACIOUS



U.U.C
ABDUL JABBAR



ARTS SECTRATARY
UDAYAN

INAUGURAL FUNCTION OF COLLEGE UNION OFFICE



Lt. Col. Basheerkannu (1994 Oct 4)

DRAMATIC CLUB



Sunil .M

LITERARY CLUB



Binu

MUSIC CLUB



Sajal

PHOTOGRAPHIC CLUB



Niyaz

VIDEO CLUB



ADVT. COLLECTOR



Binu .V

NATURE CLUB



GARDEN CLUB



Ziyad .M

ADVT. COLLECTOR



Joshy John

PROOF READERS





Riyaz

Shihab



Nizar



BOXER



Raffee .S



# കോളേജ് യൂണിയൻ റിപ്പോർട്ട്

പ്രിയമുള്ളവരെ

സംഭവബഹുലമായ ഒരു അദ്ധ്യയനവർഷം കൂടി കൊഴിഞ്ഞുവീഴുകയാണ്. ദുർഭരണത്തിന്റെ ജനവിരുദ്ധ രാഗങ്ങളും, ദേശവിരുദ്ധ ശാസ്ത്രകാരൻമാരും, വന്ധ്യമാക്കപ്പെടുന്ന വൈജ്ഞാനിക മേഖലയും, ആഴങ്ങളിലേയ്ക്ക് മറഞ്ഞുപോകുന്ന സൗഹൃദങ്ങളും, കാട്ടാള തുല്യമായ നിയമപാലനവും ഊർധ്വൻ വലിക്കുന്നതുവരെ അധികാരത്തിൽ അമർന്നിരിക്കാൻ വെമ്പൽകൊള്ളുന്ന രാഷ്ട്രീയ നേതൃത്വവും – ഈ കാലയളവിന്റെ കരിമുഖത്തെ നമുക്ക് നേരെ തുറന്നുകാട്ടുന്നു. ആസന്നമായിരിക്കുന്ന മഹാപ്രളയത്തെപ്പറ്റിയുള്ള ഈ മുന്നറിവുകൾ നമ്മുടെ സിരകളിൽ പ്രതിഷേധത്തിന്റെ രോദനമുണർത്തുന്നു.



ആഗോളവൽക്കരണം, ഉദാരവൽക്കരണം എന്നീ മന്ത്രങ്ങൾ മുഴക്കുന്ന ഭരണവർഗ്ഗം, സ്വാശ്രയത്വത്തിന്റെ പേരിൽ വിദ്യാഭ്യാസമേഖലയെ സ്വകാര്യവൽക്കരിക്കുന്ന നവനിയമങ്ങൾ നടപ്പിലാക്കുന്നു. ഇവിടെ നാം തിരുത്തൽ ശക്തികളാകണം. ജീർണ്ണിച്ച തലച്ചോറുകൾ പരത്തുന്ന ദുർഗ്ഗന്ധത്തെ കടപുഴക്കിയെറിയുന്ന കൊടുങ്കാറ്റുകളായി നാം മാറണം. ചിന്തകളിൽ തീ നിറച്ചുകൊണ്ട് വിശുദ്ധസ്വപ്നങ്ങളുമായി നമ്മുടെ മുമ്പേ നടന്നുപോയ, ആർജ്ജവത്തിന്റെ ഒറ്റയടിപ്പാതകളിൽ തളർച്ചയറിയാതെ നടന്നുകയറിയ ധീരരക്തസാക്ഷികളുടെ ചുടുരക്തം ഉതിർക്കുന്ന സ്വാതന്ത്ര്യബോധത്തിന്റെ മഹാഗാനം നമ്മിൽ നിറയണം. സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും വേണ്ടിയുള്ള പോരാട്ടത്തിൽ, ചരിത്രത്തെ നേർവഴിക്കു നയിക്കുവാൻ വേണ്ടിയുള്ള പോരാട്ടത്തിൽ, ധീരരക്തസാക്ഷികളായ, പോർനിലങ്ങളിൽപടനയിക്കുവാൻ വീണ്ടുമെത്തുന്ന സഹജരായ,

**മലകൾക്ക് മുകളിലൂടിടിമിന്നലായ്,**<br>
**മഴമേഘമായ് നാളെയുമെത്തുന്ന**<br>
**സഖാക്കൾ രാജീവൻ, രേഷൻ, ഷിബുലാൽ, മധു,**

ബാബു എന്നിവരുടെ ജ്വലിക്കുന്ന സ്മരണകൾക്കു മുന്നിൽ ഒരു പിടി രക്തപുഷ്പങ്ങൾ അർപ്പിക്കുന്നു. നേരുകൾ നേടാൻ ജീവത്യാഗം ചെയ്ത ത്യാഗധനരുടെ പാതകൾ നമുക്ക് പിന്തുടരാം.

കൂട്ടരെ,

ഇത് നേട്ടങ്ങളുടെ സ്ഥിതിവിവരക്കണക്കല്ല; കോട്ടങ്ങളുടെയും നമുക്ക് ബോദ്ധ്യമുള്ള യാഥാർത്ഥ്യങ്ങളുടെയും ഓർമ്മപ്പെടുത്തൽ ഇവിടെ അധികപ്പറ്റാകുന്നു. നേട്ടങ്ങളുടെ പട്ടിക അക്കമിട്ടു നിരത്തുമ്പോഴും പോരായ്മകൾ വിസ്മരിക്കുന്നില്ല. പ്രതിബദ്ധത നിറവേറ്റാൻ ശ്രമിച്ചിട്ടുണ്ട്. പൂർണ്ണമായെന്നവകാശവാദമില്ല. യൂണിയൻ പ്രവർത്തനങ്ങളെ കൂച്ചുവിലങ്ങിടുവാൻ സാഹചര്യങ്ങളും സഹചാരികളും നടത്തിയ പരിശ്രമങ്ങൾ നടത്തുവാൻ കഴിയുന്നില്ല. ഏതോ തുരുത്തിൽനിന്നും വർഗ്ഗീയതയുടെ ചട്ടുകങ്ങളായിവന്ന്, നമ്മുടെ കലാലയത്തിലേയ്ക്ക് കടന്നുവന്ന സഹോദരന്റെ രക്തത്തിന് വിലപേശുന്ന കറുത്ത ശക്തികളെ കണ്ടെത്തി ഒറ്റപ്പെടുത്തേണ്ടിയിരിക്കുന്നു.

പോരാട്ടങ്ങൾക്കും പ്രതിസന്ധികൾക്കും മദ്ധ്യേ നാം നടത്തിയ യൂണിയൻ പ്രവർത്തനങ്ങൾ ഔപചാരികതയുടെ അർഭാടങ്ങളില്ലാതെ കുറിക്കട്ടെ,

### *കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്*

കേരളസർവ്വകലാശാലയിലെ വിവിധ കോളേജുകൾക്കൊപ്പം നമ്മുടെ കോളേജിലും 97 സെപ്തംബർ. 2 ന് നടന്ന കോളേജ് യൂണിൻ തെരഞ്ഞെടുപ്പിൽ പോരാട്ടത്തിന്റെ പാതകളിൽ ത്യാഗംകൊണ്ട് വിജയഗാഥകൾ എഴുതിച്ചേർത്ത ത്യാഗത്തിന്റെയും, പോരാട്ടത്തിന്റെയും, പീഡനത്തിന്റെയും നാൾ വഴികളിൽ സ്വാതന്ത്ര്യം ജനാധിപത്യം സോഷ്യലിസം ആലേഖനം ചെയ്ത ശുഭ്രപതാക ഉയർത്തിക്കെട്ടിയ SFI യുടെ സാരഥികൾ ഒരിക്കൽ ക്കൂടി കോളേജ്യൂണിയൻ ഭാരവാ

ഹിത്വത്തിലേക്ക് തിരഞ്ഞെടുക്കപ്പെടുകയുണ്ടായി. കേരളീയവിദ്യാഭ്യാസം കച്ചവടവസ്തുവാക്കാൻ ശ്രമിക്കുന്നവർക്കും, അരാഷ്ട്രീയവാദികൾക്കുമെതിരെ ഈ തിരഞ്ഞെടുപ്പിൽ വിധിയെഴുതിയ മുഴുവൻ വിദ്യാർത്ഥികളെയും കോളേജ് യൂണിയനുവേണ്ടി അഭിവാദ്യം ചെയ്യുന്നു.

*ചെയർമാൻ–മനീഷ് .എൻ*
*വൈസ് ചെയർമാൻ–ഹസീന .ജെ*
*ജനറൽ സെക്രട്ടറി–സാൾട്ടസ് .ജെ. സാമുവൽ*
*ആർട്ട്സ് ക്ലബ് സെക്രട്ടറി–ഉദയൻ*
*മാഗസിൻ എഡിറ്റർ–അസീം .എ*

*യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലേഴ്സ്–*

*ഗ്രേഷ്യസ്, അബ്ദുൽ ജബ്ബാർ .വി.*
*വനിതാ പ്രതിനിധികൾ–*
*മൈഥിലിദേവി, അനിതാരവി*

അസിം, അരുൺ പി.എസ്., സഫീർ, അഫ്സൽ, ശ്രീകുമാർ, പ്രദീപ് എന്നിവർ യഥാക്രമം I PDC, II PDC, I DC, II DC, III DC, II PG പ്രതിനിധികളായി ൨തരഞ്ഞെടുക്കപ്പെട്ടു.

### *സത്യപ്രതിജ്ഞ*

94 ഒക്ടോബർ 4 ന് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെയും, അദ്ധ്യാപകരുടെയും മുന്നിൽവച്ച് യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞചെയ്ത് ഔപചാരികമായി അധികാരമേറ്റു. സ്റ്റാഫ് അഡ്വൈസർ, പ്രൊഫ: അബ്ദുൽ വാഹിദ് സാർ സത്യവാചകം ചൊല്ലിത്തന്നു. ബഹു: പ്രിൻസിപ്പൽ, പ്രൊഫ: Lt. Col. ബഷീർ കണ്ണ് സാർ സന്നിഹിതനായിരുന്നു.

### *യൂണിയൻ ഓഫീസ് ഉദ്ഘാടനം*

94 ഒക്ടോബർ 4 ന് കോളേജ് യൂണിയൻ ഭാരവാഹികളുടെയും, നൂറുകണക്കിന് വിദ്യാർത്ഥികളുടെയും സാന്നിദ്ധ്യത്തിൽ യൂണിയൻ ഓഫീസ് ബഹു: പ്രിൻസിപ്പൽ, പ്രൊഫ: Lt. Col. ബഷീർ കണ്ണ് സാർ ഉദ്ഘാടനം ചെയ്തു.

### *നോമിനേഷൻ*

കോളേജ് യൂണിയൻ യോഗം ചേർന്ന് സ്റ്റുഡൻസ് കോർട്ട് ജഡ്ജായി III Zoology യിലെ നിയാസിനെയും Sports Secretary ആയി എൽ. അനിൽ കുമാർ ആചാരിയെയും സർവ്വേ കൺവീനറായി II BA History യിലെ നിസാമിനെയും നോമിനേറ്റ് ചെയ്തു.

### *യൂണിയൻ ഉദ്ഘാടനം–പ്രതീക്ഷ–95*

94 ഡിസംബർ 23 ന് യൂണിയൻ ഉദ്ഘാടനം വൈക്കം മുഹമ്മദ് ബഷീർ നഗറിൽ നടന്നു. രാവിലെ 11.30 ന് ചെയർമാൻ മനീഷിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ കേരളത്തിന്റെ പ്രിയപ്പെട്ട കവി പ്രൊഫ: വി. മധുസൂദനൻനായർ യൂണിയൻ ഉദ്ഘാടനം ചെയ്തു. സിനിമാതാരം പ്രേംകുമാർ ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനവും നിർവ്വഹിച്ചു. ശ്രീ. കെ.പി. വിശ്വവൽസലൻ, പ്രിൻസിപ്പൽ പ്രൊഫ: Lt. Col ബഷീർകണ്ണ് സാർ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ജനറൽ സെക്രട്ടറി സാൾട്ടസ് .ജെ. സാമുവൽ നന്ദിയും പറഞ്ഞു. തുടർന്ന് വിദ്യർത്ഥികളുടെ കലാപരിപാടികളും, കൊല്ലം സ്മൃതി വോയ്സ് അവതരിപ്പിച്ച ഗാനമേളയുമുണ്ടായിരുന്നു.

### *'കലോൽസവം 95'*

95 ജനുവരി 31 ന് യൂണിയൻ ആർട്ട്സ് ഫെസ്റ്റിവൽ സംഘടിപ്പിച്ചു. കലോൽസവനഗർ, സഫ്ദർ ഹാഷ്മിയുടെ നാമകരണത്തിൽ ഉള്ളതായിരുന്നു. കഴിഞ്ഞവർഷത്തിലേതിൽനിന്നും കൂടുതൽ വിദ്യാർത്ഥിപ്രാതിനിധ്യം കലോല്സവത്തിന് ലഭിച്ചതിൽ യൂണിയനുള്ള ചാരിതാർത്ഥ്യം ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. 'കലോൽസവം 95' ചെയർമാന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ബഹു: പ്രിൻസിപ്പൽ Lt. Col. ബഷീർകണ്ണ് സാർ ഉദ്ഘാടനം ചെയ്തു. സ്റ്റാഫ് അഡ്വൈസർ പ്രൊഫ: അബ്ദുൽവാഹിദ്സാർ ആശംസ അർപ്പിച്ചു. ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി എൻ. ഉദയൻ സ്വാഗതവും ജനറൽ സെക്രട്ടറി സാൾട്ടസ് ജെ. സാമുവൽ നന്ദിയും പറഞ്ഞു. കലോൽസവത്തിന്റെ വിജയത്തിനുവേണ്ടി ഞങ്ങളെ സഹായിച്ച അദ്ധ്യാപകരെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

### *സർവ്വകലാശാലാ യുവജനോൽസവം*

95 മാർച്ച് 4 മുതൽ 8 വരെ ചെങ്ങന്നൂരിൽ വച്ച് സർവ്വകലാശാലാ യൂണിയൻ സംഘടിപ്പിച്ച യുവജനോത്സവത്തിൽ നമ്മുടെ കോളേജിൽനിന്നും വിവിധ ഇനങ്ങളിലായി 21 വിദ്യാർത്ഥികൾ പങ്കെടുത്തു. II PG Rep ആയ പ്രദീപിന് കവിതചൊല്ലലിൽ മൂന്നാംസ്ഥാനവും ലഭിക്കുകയുണ്ടായത് എടുത്തുപറയേണ്ടതാണ്. യുവജനോത്സവത്തിൽ പങ്കെടുത്ത മുഴുവൻ കലാകാരൻമാരെയും കലാകാരികളെയും കോളേജ് യൂണിയൻ അഭിനന്ദിക്കുന്നു. മിമിക്രിയിൽ വിജയം വരിച്ച I Bcom വിദ്യാർത്ഥി രഞ്ജിത്കുമാറിനെയും പ്രദീപിനെയും യൂണിയൻ അഭിനന്ദിക്കുകയും തുടർന്നും വിജയം കൈവരിക്കാൻ കഴിയട്ടെയെന്ന് ആശംസിക്കുകയും ചെയ്യുന്നു.

### *പൂർവ്വവിദ്യാർത്ഥി സമ്മേളനം*

സമ്മേളനം ബഹു: പ്രിൻസിപ്പൽ പ്രൊഫ: Lt. Col.

ബഷീർകണ്ണ്സാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അബ്ദുൽ വാഹിദ്സാർ, ജലീൽസാർ എന്നിവർ സംസാരിച്ചു. സമ്മേളനാനന്തരം പൂർവ്വവിദ്യാർത്ഥികളുടെ കലാപരിപാടികളുണ്ടായിരുന്നു.

### *വനിതാ സമ്മേളനം*

95 മാർച്ച് 20 ന് ശ്രീമതി ഡോ. പൊന്നറ സരസ്വതി വനിതാ സമ്മേളനം ഉദ്ഘാടനം ചെയ്തു. വൈസ്ചെയർമാൻ ഹസീന .ജെ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റ്റി. അനിത ടീച്ചർ, വി.എം. പ്രസീദ എന്നിവർ സംസാരിച്ചു. മൈഥിലിദേവി സ്വാഗതവും അനിതാദേവി നന്ദിയും പറഞ്ഞു.

### *സ്പോർട്സ് ഡേ*

95 മാർച്ച് 20 ന് കോളേജ് അങ്കണത്തിൽ സ്പോർട്സ് ഡേ ആചരിച്ചു. തദവസരത്തിൽ മത്സര വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. പ്രിൻസിപ്പൽ Lt. Col. ബഷീർകണ്ണ്സാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ Staff Adviser പ്രൊഫ: അബ്ദുൽ വാഹിദ്സാർ സ്വാഗതവും ജി. അനിൽകുമാർ ആചാരി നന്ദിയും പറഞ്ഞു.

### *അദ്ധ്യാപകർക്ക് യാത്രയയപ്പ്*

ദീർഘകാലം നമ്മുടെ കലാലയത്തിൽ അദ്ധ്യാപകസേവനം അനുഷ്ടിച്ച പ്രൊഫ: മറിയം, പ്രൊഫ: എലിസബത്ത് കെ. പ്രേമ എന്നിവർക്ക് യൂണിയൻ യാത്രയയപ്പുനൽകി. ചെയർമാൻ മനീഷിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ബഹു: പ്രിൻസിപ്പൽ പ്രൊഫ: Lt. Col. ബഷീർകണ്ണ് സാർ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ചെയർമാൻ മനീഷ്, ജനറൽ സെക്രട്ടറി സാൾട്ടസ് ജെ. സാമുവൽ, ജബ്ബാർ, അനിൽ, റിയാസ്, നിസാം, അസീം എന്നിവർ സംസാരിച്ചു. യൂണിയന്റെ ഉപഹാരം ജനറൽ സെക്രട്ടറി സാൾട്ടസ് .ജെ. സാമുവൽ വിരമിക്കുന്ന അദ്ധ്യാപകർക്ക് നൽകി.

### *ഫൈനൽ ഇയേഴ്സ് ഡേ*

ഫൈനൽ ഇയേഴ്സ് ഡേ ബഹു: പ്രിൻസിപ്പൽ പ്രൊഫ: Lt. Col. ബഷീർകണ്ണ് സാർ ഉദ്ഘാടനം ചെയ്തു. അബ്ദുൽ ജബ്ബാർ അദ്ധ്യക്ഷത വഹിച്ചു. യൂണിയൻ ചെയർമാൻ മനീഷ്, ജനറൽ സെക്രട്ടറി സാൾട്ടസ് .ജെ. സാമുവൽ, U.U.C. ഗ്രേഷ്യസ്, ജബ്ബാർ, അനിൽകുമാർ, റിയാസ് എന്നിവർ യാത്രാമൊഴിചൊല്ലി. അസീം, നിസാം, ദീപക്, ബിജു, എന്നിവർ മറുമൊഴി ചൊല്ലി.

### *യൂണിയൻ സമാപനം – സാഫല്യം 95*

95 മാർച്ച് 21 രാവിലെ യൂണിയൻ ചെയർമാൻ മനീഷ് N. ന്റെ അദ്ധ്യക്ഷതയിൽ നടന്നു. ബഹു: പ്രിൻസിപ്പൽ പ്രൊഫ: Lt. Col. ബഷീർകണ്ണ് സാർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ശ്രീ. സി. ജോർജുവിൻ യൂണിയന്റെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ശ്രീ. കുഞ്ഞുകൃഷ്ണപിള്ള, ശ്രീ. ചെറുന്നിയൂർ ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി സാൾട്ടസ് .ജെ. സാമുവൽ യൂണിയൻ റിപ്പോർട്ട് അവതരിപ്പിച്ചു. അന്നേ ദിവസം

സ്കോളർഷിപ്പ് വിതരണവും സമ്മാനദാനവും നടന്നു. ഉച്ചയ്ക്ക് ഇടവാ ബഷീർ നയിച്ച ഗാനമേള ഉണ്ടായിരുന്നു.

### നന്ദി–കടപ്പാട്

ഈ വർഷത്തെ യൂണിയൻ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് സമാപനം കുറിക്കുന്ന ഈ വേളയിൽ ഞങ്ങൾക്ക് പ്രചോദനവും കരുത്തും പകർന്നു നൽകിയ ഓരോരുത്തരേയും ഞങ്ങൾ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു. പ്രത്യേകിച്ച് പ്രിൻസിപ്പൽ പ്രൊഫ: Lt. Col. ബഷീർകണ്ണ് സാറിനോടും Staff Adviser അബ്ദുൽ വാഹിദ് സാറിനോടും മറ്റു മുഴുവൻ അദ്ധ്യാപകരോടും ഓഫീസ് Staff നോടും ഞങ്ങൾക്കുള്ള നന്ദിയും കടപ്പാടും വർണ്ണനാതീതമാണ്. ഞങ്ങളുടെ മുഴുവൻ പ്രവർത്തനങ്ങൾക്കും സമ്പൂർണ്ണ പിന്തുണയും സഹകരണവും നൽകിയ ഞങ്ങളുടെ പ്രിയപ്പെട്ട പ്രവർത്തകരോടും മുഴുവൻ വിദ്യാർത്ഥികളോടും ഇവിടുത്തെ നാട്ടുകാരോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തുന്നു. നിങ്ങൾക്ക് നൽകിയ വാഗ്ദാനം ഒരു വലിയ അളവുവരെ പാലിക്കുവാൻ കഴിഞ്ഞു എന്നുള്ള വിശ്വാസം ഒരായിരം പൂക്കൾ ഒരുമിച്ചുവിരിയണം എന്ന സാമൂഹ്യബോധത്തിന്റെ അടിത്തറയിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളെക്കുറിച്ചുള്ള ശരിയും ശാസ്ത്രീയവുമായ കാഴ്ചപ്പാടിന് അനുയോജ്യമായ രീതിയിലാണ് ഈ കോളേജ് യൂണിയൻ പ്രവർത്തനം ഞാനും എന്റെ കൂട്ടുകാരും നടത്തിയിട്ടുള്ളത്. നിങ്ങൾക്ക് ഒരിക്കൽക്കൂടി നന്ദി രേഖപ്പെടുത്തിക്കൊള്ളുന്നു.

റിപ്പബ്ലിക്ക്ദിനപ്പുലരിയിൽ സ്വന്തം മാതാ–പിതാക്കളുടെ കൺമുന്നിൽവച്ച് ഹൈന്ദവഫാസിസ്റ്റ് ശക്തികളാൽ കൊലചെയ്യപ്പെട്ട, ശ്വാസിക്കുമ്പോഴും സ്നേഹിച്ചിരുന്ന ഞങ്ങളുടെ പ്രിയപ്പെട്ട സുധീഷിന്റെ മരിക്കാത്ത സ്മരണക്കുമുന്നിൽ ഒരുപിടി രക്തപുഷ്പങ്ങൾ അർപ്പിച്ചുകൊണ്ട് 94–95 കലാലയവർഷത്തെ കോളേജ്യൂണിയൻ റിപ്പോർട്ട് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

ഒത്തിരി സ്നേഹത്തോടെ

**സാൾട്ടസ് .ജെ. സാമുവൽ**

**ജനറൽ സെക്രട്ടറി**

# ഗുരുപ്രണാമം

താൻ ഒരു തമാശക്കാരനാണെന്നു ബഷീർ പുറമെ ഭാവിച്ചു. അങ്ങനെ പറഞ്ഞു. അങ്ങനെ എഴുതി. ബഷീറിന്റെ തമാശ ബഷീറിന്റെ ഹൃദയ മുദ്രയണിഞ്ഞതാണ്. ആ യാഥാർത്ഥ്യം ഇരിക്കെത്തന്നെ മറ്റൊരു യാഥാർത്ഥ്യത്തിന്റെ അഗാധസീമകളെ നാം തൊട്ടറിയുന്നു. അതെന്താണ്? തന്റെ തമാശക്കഥകൾക്കുള്ളിൽ ബഷീർ ജീവിതത്തിന്റെ ദുഃഖങ്ങളും ദുരന്തങ്ങളും ഒളിച്ചുവച്ചു. പ്രപഞ്ചം, മനുഷ്യൻ, ജീവിതം, മരണം, മരണാന്തരജീവിതം തുടങ്ങിയ മഹാസമസ്യകളെ തഴുകിനിൽക്കുന്ന വാങ്ങ്മയത്തിന്റെ അപാരമായ ഭംഗികളെ തിരിച്ചറിയാൻ മറ്റൊരു മനസ്സും ആ മനസ്സിനകത്ത് മറ്റൊരു കണ്ണുവേണം. അനന്തതയിൽ അകപ്പെട്ട ഏകാകിയായ മനുഷ്യന്റെ കാല്പാടുകൾ ബഷീറിന്റെ ഏതു കഥയിലുമുണ്ട്. നമ്മൾ ഇനിയും അതങ്ങനെ വായിച്ചുതുടങ്ങിയിട്ടില്ല.

ബഷീർ എവിടയോ എഴുതിയിട്ടുണ്ട്. "ഞാനാണ് പൂവ്, ഞാൻ തന്നെയാണ് തോട്ടവും" അത് തമാശയല്ല. യൗഗികമായ ഒരു തേജസ്സുകൊണ്ട് ആ വാക്കുകൾ നിറഞ്ഞിരിക്കുന്നു. അതുപോലെ തന്നെ "വെളിച്ചത്തിനെന്തു വെളിച്ചം" എന്ന് ബഷീർ അത്ഭുതപ്പെട്ടു. നമ്മുടെ കണ്ണിൽപ്പെട്ട വെളിച്ചത്തിന് എത്ര വെളിച്ചമുണ്ടോ?

ബഷീർകഥകളുടെ അഗാധതകളിൽ കണ്ണെത്തുക അത്ര എളുപ്പമല്ല. കുട്ടിക്കാലത്ത് പുഴവക്കത്തൂടെ പിതാവിന്റെ കൈ പിടിച്ചുനടക്കുമ്പോൾ പിന്നിൽ പുഴയുടെ നനവിൽ അദൃശ്യമായിക്കൊണ്ടിരിക്കുന്ന സ്വന്തം കാല്പാദങ്ങളെ നോക്കി "എന്റെ കാല്പാടുകൾ മായ്ച്ചുകളയുന്നതാര്" എന്നു ചോദിച്ച ബഷീറിനെ എത്രപേർ മനസ്സിലാക്കുന്നു? മലയാളകഥയിൽ കേട്ട ആദ്യത്തെ പ്രവചാകസ്വരം അതല്ലേ?

അനർഘനിമിഷത്തിൽ നാം വായിക്കുന്നു. "നീയും ഞാനും എന്നുള്ള യാഥാർത്ഥ്യത്തിൽ നിന്ന് അവസാനം നീ മാത്രമായി അവസാനിക്കാൻ പോവുകയാണ്. യാത്രയ്ക്കുള്ള സമയം അടുത്തുകഴിഞ്ഞു"

ഇതു വായിക്കുമ്പോൾ നമ്മുടെ മനസ്സിന് എന്തുസംഭവിക്കുന്നു.? ഏതോ ഒരു വിഷാദത്തിന്റെ ശിഖരത്തിൽ നാം ഒറ്റപ്പെടുന്നു.

അനന്തത, യാത്ര, കണ്ടെത്തൽ, വേർപിരിയൽ, സഞ്ചാരി വീണ്ടും അനന്തത...... സ്ഥലകാലങ്ങളുടെ അനന്തതയിൽ ഏക് മുസാഫിർ.....

ബഷീർ സ്മരണയ്ക്കുമുന്നിൽ നമുക്കു പ്രണമിക്കാം.



എന്റെ വീടിന്റെ
ചുമരുകളൊക്കെ കെട്ടി അടച്ചതും
ജനാലകളൊക്കെ
അടച്ചു പൂട്ടിയതും
ആകയാൽ
ഞാൻ ഇഷ്ടപ്പെടുന്നില്ല.
സകലരാജ്യങ്ങളിലേയും
സംസ്ക്കാരമാരുതൻ
എന്റെ വീടിന്റെ ചുറ്റിനും
സ്വച്ഛന്ദമായി
വീശിക്കൊണ്ടിരിക്കുകയാണ് എന്റെ ആവശ്യം
പക്ഷേ,
അവയിലൊന്നിനാലും
എന്നെ കാലോടെ
പുഴക്കികളയുവാൻ
ഞാൻ
സമ്മതിക്കുകയില്ല.
ജയിലറയിലെ മതമല്ല
എന്റെ മതം.
ഈശ്വരസൃഷ്ടികളിൽ തുച്ഛം തമമായ
തിനുപോലെ അതിൽ സ്ഥാനമുണ്ട്.
വർഗ്ഗ-മത-സംസ്ക്കാരങ്ങളുടെ
അഹന്തയ്ക്ക് അതിൽ സ്ഥാനമില്ല.

*മഹാത്മജി*

---

# അസ്തമയങ്ങളുടെ പുസ്തകം

എ. അയ്യപ്പൻ

ശരീരത്തെ ശൈത്യമാക്കുകയും
മനസ്സിനെ പൊള്ളിക്കുകയും ചെയ്ത
മഴയാണ് നീ
എന്റെയുള്ളിലെ ഹിംസ്രമൃഗത്തിന്റെ
ദംഷ്ട്രകൾ രാകി മിനുക്കിയോൾ
നിന്റെ കവിളിൽ നീലിയ്ക്കും സ്മൃതി,
എന്റെ പല്ലിന്റെ ചിഹ്നം
ഭയത്തിൽ നിന്നുമൊളിക്കുവാനുള്ള
എന്റെ പാനീയത്തെ നീ തട്ടിമാറ്റി
എന്റെ കയ്യിന്റെ വെട്ടേറ്റു നിന്റെ
കരിവളകളുടഞ്ഞു-
കൈകൾ മുറിഞ്ഞ നാൾ
നീ'
അസ്തമയങ്ങളുടെ ചിത്രങ്ങളുള്ള
പുസ്തകം തന്നനാൾ
ഞാൻ ശത്രുവിനു സൂക്ഷിച്ച
ഒരു കോപ്പ വിഷം കുടിച്ച്
വിവേകിയായ നീ
ദുഃഖിയായ എന്റെ ശൃംഗത്തിൽ
അസ്തമിച്ചു.

# എം.ടി. വാസുദേവൻ നായർ

ജീവിതത്തിന്റെ മഹാവ്യസനങ്ങൾക്ക് കലയുടെ ഉജ്ജ്വലകാന്തി പകർന്ന പ്രതിഭയാണ് എം.ടി.യുടേത്. സാധാരണമായ ജീവിതാനുഭവങ്ങളിൽ നിന്ന് അസാധാരണമായ കാവ്യാനുഭവങ്ങൾ സൃഷ്ടിക്കുന്നിടത്ത് ഒരു രാജശില്പിയായി അദ്ദേഹം ഉയർന്നുനിൽക്കുന്നു. എം.ടി.യുടെ ഏതു കഥയും ഈയൊരു യാഥാർത്ഥ്യത്തിനുള്ള സാക്ഷ്യമാണ്.

ഓരോരോ ദശാസന്ധികളിൽ നമ്മുടെ സാഹിത്യത്തിൽ വന്നുവിളയാടിപ്പോയ കാലികപ്രവണതകൾക്കൊക്കെ അപുറത്ത് ഏകാന്തമായ ഒരു ഭംഗിയോടെ എം.ടി.യുടെ കല വർത്തിച്ചു. കൊട്ടാരംവിദൂഷകന്മാരുടെ വേഷംകെട്ടിയചില നിരൂപകന്മാർ അവർക്കിഷ്ടപ്പെട്ടതിലൊക്കെ ദാർശനികവ്യാധി കണ്ടുപിടിക്കുന്നതിൽ ജാഗരൂകരായിരുന്നു. അത്തരക്കാർ എം.ടി.യെയും വെറുതെ വിട്ടില്ല. മനുഷ്യദുഃഖങ്ങളുടെ ആഴങ്ങൾ അളന്നുപോകുമ്പോൾ എം.ടി.യെ ഭരിച്ചിരുന്നത് ദാർശനികവ്യഥയല്ല ജീവിത്തിന്റെ പൊരുത്തക്കേടുകളോടും യുക്തിഹീനതയോടും ഉള്ള അസഹിഷ്ണുതയായിരുന്നു. മനുഷ്യനോടുള്ള അനുതാപമായിരുന്നു. നിശ്ശബ്ദമായ ഒരു വിലാപം പോലെയോ പ്രാർത്ഥനപോലെയോ അത് എം.ടിയുടെ കൃതികളെ ചൂഴ്ന്നുനിന്നു: മനുഷ്യദുഃഖങ്ങളുടെ അഴകാണ് എം.ടി.കഥകളുടെ അഴക്. ആഴമില്ലാത്ത ദാർശനികവ്യഥകൾക്കൊക്കെ അപ്പുറത്ത് ആ അഴക് അതിന്റെ ഗാംഭീര്യം കാത്തുസൂക്ഷിക്കുന്നു.

ഇനിയിപ്പോൾ നമ്മിലും നമുക്കുശേഷം ജനിക്കാനിരിക്കുന്നവരിലുമൊക്കെ എം.ടിയും ഉണ്ട്. ഉണ്ടാവും എന്നൊക്കെയുള്ള കണ്ടുപിടുത്തങ്ങൾ കൊണ്ടുനാം പീഡിക്കപ്പെടാൻപോവുകയാണ്. ഇപ്പോൾ നല്ലവാക്കുകളേ പറയാവൂ എന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. ഉത്സവപ്പറമ്പിൽ അസ്തിത്വദുഃഖങ്ങളും ദാർശനികവ്യഥകളും കൊണ്ടുകളിച്ചിരുന്നവർക്ക് ഇപ്പോൾ അവരുടെകട്ടയും പടവും മടക്കേണ്ടിവന്നിരിക്കുന്നു. അത് ഒരു ചിരിക്കുള്ള വക മാത്രമേ ആകുന്നുള്ളൂ.

എം.ടി. യെ സ്നേഹിച്ചിരുന്നവർക്ക് സന്തോഷിക്കാൻ ഒരവസരം, അഭിമാനിക്കാൻ ഒരവസരം. എം.ടി. ജ്ഞാനപീഠം കയറുമ്പോൾ പൊയ്മുഖങ്ങളുടെ വക്രിച്ച ചിരികൾക്കപ്പുറത്ത് ശേഷിക്കുന്ന യാഥാർത്ഥ്യം അതാണ്.

# സ്വാതന്ത്ര്യഭാവനയുടെ പ്രതിരോധ സങ്കൽപ്പങ്ങൾ

സഞ്ചാരികൾ നൈലിന്റെ രഹസ്യതീരങ്ങൾ തേടിവന്നു. നൈൽ ശാന്തമായിരുന്നു; ധ്യാനിയുടെ പൂർണ്ണിമയിൽ മൗനത്തിലാണ്. സംസ്ക്കാരത്തിന്റെ ആദിരൂപങ്ങളിൽ നദി ആശങ്കയുടെ മദ്ധ്യത്തായിരുന്നില്ല. ഉറവിടങ്ങളിലെ ഗർഭകാലസാന്ത്വനം നുണഞ്ഞ് സ്മൃതിയുടെ തിരശ്ശീലകളുയർത്തുവാൻ പോലും നദി തയ്യാറാകുന്നില്ല. നദി കാലമാകുന്നു. മനുഷ്യൻ അവന്റെ ആശംങ്കകളിൽ വിദൂരകാലം തിരിഞ്ഞുപോകുന്നത് വിലാപങ്ങൾക്കടിമപ്പെട്ടായിരിക്കും. സംസ്ക്കാരത്തിന്റെ പൊരുളുകളിൽ ജീവിതത്തിന്റെയും മരണത്തിന്റെയും ആദിബിന്ദുക്കൾ ജലക്രീഡ നടത്തുന്നുണ്ടാകണം. പൊരുളുകൾ ഭാവിയുടെ അതിർത്തികളിൽ രക്ഷകനായി പിറക്കണമെന്ന് നാമാഗ്രഹിക്കുന്നു. പക്ഷേ, പൊരുളുകൾ നദിയിലെ ചുഴികളോടൊപ്പം ഉറവിടങ്ങളിൽ, പൂർണ്ണിമയിൽ ധ്യാനത്തിലായിരിക്കും. ഈജിപ്ഷ്യൻ പിരമിഡുകൾക്കു പിന്നിലും ഒരു വിദൂരകാലം ഉണ്ടായിരുന്നു. മരണശയ്യ ജീവിതത്തിന്റെ അളവുകോലുകളാൽ നിർണ്ണയിക്കുന്നവർക്ക്, മരണം ഒരു തെറ്റിദ്ധാരണയാണെന്നു തോന്നുന്നു. പക്ഷേ, ഉൺമയുടെ അസന്നിഗ്ദ്ധതയിൽ ഈ ധാരണകൾ വച്ചു പുലർത്തേണ്ടതായി വരുന്നു. ജീവിതത്തിന്റെ ഓരോ അവസ്ഥാ ഭേദങ്ങളിലും ഒരു വിദൂരകാലം നിർണ്ണയിക്കപ്പെട്ടേക്കാം. ജീവിതത്തിന്റെ ഓരോ അനിവാര്യഘട്ടങ്ങളിലും അതിന്റെ ഇടനാഴികളിലേയ്ക്ക് മനസ്സുതുറക്കേണ്ടതായി വരും. മനുഷ്യസംസ്ക്കാരത്തിന്റെ പ്രകാശചക്രങ്ങളിൽ, ഞാനും നീയും പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസങ്ങൾ ഉറഞ്ഞുകിടപ്പുണ്ട്. സ്മൃതിയുടെ വെളിപാടുകൾ ഉണ്മയുടെ രൂപങ്ങളെ പ്രവർത്തനനിരതമാക്കുന്നു.

ഒരു ജനത, ഒരു സമൂഹം ഇവ് പിറവികൊള്ളുന്ന മൂല്യസങ്കൽപ്പങ്ങൾ മൗലികതയിൽ പുത്തുലയുമ്പോൾ ചരിത്രത്തിന്റെ വഴികൾ അസാധാരണമായ തിരിയലുകളാൽ വിധേയമാക്കപ്പെടുന്നു. ഭാവിയുടെ രൂപങ്ങളെല്ലാം മുൻവിധികളാകുമ്പോൾ സമൂഹം യാന്ത്രികമാകുന്നു. നിലവിലുള്ള മൂല്യസങ്കൽപ്പങ്ങളെവച്ച് ചരിത്രത്തെ വേർതിരിക്കുന്നതിലുള്ള വൈരുദ്ധ്യം ശ്രദ്ധേയമാണ്. പക്ഷേ, വിശ്വാസങ്ങൾ പ്രഖ്യാപിക്കപ്പെട്ട നിസ്സാഹായാവസ്ഥയിൽ വേർതിരിവുകൾ ആവശ്യമായി വരും. നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ജീവിതത്തിലേയ്ക്കുള്ള ദീപങ്ങളായാലും ഇല്ലെങ്കിലും ഓർക്കുക, സാസ്ക്കാരിക ചലനങ്ങളിൽ ഭാഗധേയം സൃഷ്ടിക്കപ്പെട്ടുകഴിഞ്ഞു. വിശ്വാസങ്ങൾ നിങ്ങളെ രക്ഷിക്കുമെന്നുള്ള ഉറപ്പുകൾ പോലും ലംഘിക്കപ്പെടുന്ന സമൂഹത്തിൽ വ്യക്തിദുരന്തത്തിന്റെ മരുഭൂമികൾക്കുള്ളിലാണ്. ഏത് ഘടകങ്ങളിലും മനുഷ്യന് അവന്റെ സ്വാതന്ത്ര്യം അടിയറവ് വയ്ക്കാം. പക്ഷേ, അവൻ നിർണ്ണയിക്കപ്പെടേണ്ടത് സാംസ്ക്കാരികാവശ്യമാകുന്നു. അടിയറവും നിലനിൽപ്പിനായുള്ള പോരാട്ടങ്ങളും കലാപസാദ്ധ്യതയെ (ജൈവികമെന്നനിലയിലുപരി) വെളിപ്പെടുത്തുന്നു. ഭൗതികവും, അതിഭൗതികവുമായ സങ്കീർണ്ണതകൾ അതിന്റെ താൽക്കാലിക പരിഹാരങ്ങളെ കടന്ന് നിലകൊള്ളുന്നു. വർത്തമാനകാല ധർമ്മസങ്കടങ്ങൾ ദുഃസ്വപ്നങ്ങളുടെ അശാന്തിയിലേയ്ക്ക് നയിക്കുന്നു. ആൾക്കൂട്ട മനശാസ്ത്രം സ്വപ്നങ്ങളുടെ ഏകാന്തതയ്ക്ക് വർണ്ണരാജി പങ്കുവയ്ക്കുന്നില്ല.

അധികാരമെന്നത് മൂർത്തമായ ഒരവസ്ഥയല്ല. പ്രകൃതിയുടെ ആശയങ്ങൾക്ക് വിരുദ്ധമായ ഒരു രീതിയാണത്. നിലനിൽപ്പിന്റെ തന്ത്രമായി അധികാരം പരിഭാഷപ്പെടുത്തിയിരുന്നുവെങ്കിൽ സംസ്ക്കാരം ഉണ്ടാകുമായിരുന്നില്ല. ചരിത്രത്തെ മുന്നോട്ടോടിക്കുന്നതിന്റെ അധികാരാവസ്ഥയ്ക്ക് വഴങ്ങുന്ന് ഒന്നായിരിക്കില്ല. ദേവതമാരെ കോപത്തോടെ നോക്കുന്ന സ്ഫിങ്സുകൾ ഇപ്പോഴും ഈജിപ്റ്റിലുണ്ട്. ഇച്ഛാശക്തിയുടെ പതനം ദുരന്തം മുറ്റിനിൽക്കുന്ന ആ ശിൽപ്പങ്ങളിൽ കാണാം. ദൈവങ്ങളോടുള്ള കോപം അധികാരത്തിന്റെ നിസ്സഹായാവസ്ഥയ്ക്കുള്ള പ്രതീകമാണ്. പ്രാചീനമായ ഊർജ്ജം പലതും തകർത്തുകൊണ്ടാണ് മുന്നേറുന്നത്. വംശീയമായ ഉൾക്കാഴ്ച, പ്രാചീനമായ വാസന എല്ലാം ചേർന്ന് കാര്യങ്ങൾ തിരുത്തിയെടുക്കുകയായിരുന്നു. അധികാരത്തിലൂടെ വംശീയമഹത്വം സ്ഥാപിക്കുവാനുള്ള തന്ത്രങ്ങൾ, അലക്സാണ്ടറോട് ഡയോജനീസ് പറഞ്ഞത് ഇതുമാത്രം വെയിൽ മറയ്ക്കാതെ മാറിത്തരിക. ഇത്തരം നിസംഗതയാണ് സംസ്ക്കാരത്തെ നിലനിർത്തുന്നത്. മനുഷ്യന്റെ നിർവ്വികാരാവസ്ഥയിൽ

അധികാരം ക്രൂരതയാർന്ന കൊടുങ്കാറ്റുകൾ സൃഷ്ടിക്കും. ആധുനിക അധികാരികൾ ഏകാന്തതയിൽ ഏകാന്തതയിൽ പീഡനങ്ങൾക്കായി കാതോർത്തിരുന്നവരാണ്. ഹിറ്റ്ലറെക്കുറിച്ചുള്ള മനഃശാസ്ത്ര അപഗ്രഥനത്തിൽ വിൽഹംറീഹ് പറയുന്നു. അയാൾ നെക്രോഫീലിയ (ശവരതി) എന്ന രോഗത്തിനടിമയായിരുന്നു. ജൂതരുടെ ശവപ്പറമ്പുകളിൽ അയാൾ നൈസർഗ്ഗികചോദനയെ ബലികഴിപ്പിക്കുകയായിരുന്നു. അധികാരത്തിന്റെ വിനിമയം വർത്തമാനകാലത്തോട് ബന്ധിപ്പിക്കപ്പെടുന്നതിനാൽ അവ ശരിയായി മനസ്സിലാക്കപ്പെടുന്നില്ല. നാം എത്രയോ ആദർശവാദികളായാലും യുദ്ധം അനിവാര്യമാകുന്നത് അധികാരത്തിനെതിരെ പ്രയോഗിക്കപ്പെടുവാനാണ്.

മതം അത് നേടിയിട്ടുള്ള ഉൾക്കാഴ്ച ,പിൽക്കാലങ്ങളിലെ വ്യാഖ്യാനതന്ത്രങ്ങളിൽ കൊഴിഞ്ഞ്പോകുന്നു. പൊരുളുകൾ. പ്രകൃതിയുടെ ധ്യാനാവസ്ഥയിൽ വിശ്രമിക്കുകയാണ്. നിത്യമായ പ്രകാശം ഉദയം പോലെ പകരുവാൻ, ചരിത്രത്തിലെ ഇരുണ്ട നിമിഷങ്ങൾക്ക് പരിഹാരമായി രൂപംകൊണ്ട മതത്തിന് കഴിയില്ല. അതിന് പ്രാപ്തമായ കാര്യങ്ങൾപോലും അന്യമായിക്കൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ നിസ്സഹായാവസ്ഥയിൽ തൂങ്ങി, പുതിയ പുതിയ അധികാരതന്ത്രങ്ങൾ വിനിമയം ചെയ്യുകയാണ് മതം ചെയ്യുന്നത്. രക്തം ചീന്താത്ത ഏതു മതമാണ് നമുക്ക് സ്വന്തമായിട്ടുള്ളത്. ? അതിലുപരി മറ്റൊരു ചോദ്യം ഉന്നയിക്കപ്പെടുന്നുണ്ട്, മനുഷ്യനന്മയിലേയ്ക്കുള്ള യാത്ര എന്തുകൊണ്ടാണ് വഴിമറയ്ക്കപ്പെടുന്നത് ? കേവലം സദാചാരസങ്കൽപ്പങ്ങൾ വഴിയാണ് മതം അധികാരത്തിന്റെ മുഖം പ്രകടമാകുന്നത്, അതിന്റെ സാക്ഷാത്കാരമെന്നത് ലൈംഗികമായ നിയന്ത്രണമാണ്. ആചാരപരമായ നിഷ്ഠകളിൽ അധികാരചിഹ്നങ്ങളും മുദ്രകളും മതം അബോധമായി പ്രക്ഷേപിക്കുന്നു. വ്യക്തിയുടെ ജീവിതത്തിന്റെ പൂർണ്ണമായ നിയന്ത്രണമാണ് മതത്തിന്റെ ഭാവി. മതസ്ഥാപനം നിർദ്ദേശിക്കുന്ന സദാചാരം ഉൾക്കൊണ്ട് ആത്മപ്രചോദനങ്ങളെ ബലികഴിക്കുന്ന അവസ്ഥ ഭീകരമായ ഒന്നാണ്. മാമോദിസ മുതൽ ലിംഗക്ഷതം വരെയുള്ള അധികാരചിഹ്നങ്ങൾ വ്യക്തിയുടെ ജീവിതത്തിന്റെ ആന്തരഘടനയെ പ്രകോപിപ്പിക്കുകയാണ് ചെയ്യുന്നത്. ചിഹ്നങ്ങൾ സ്വന്തമായ ഭാഷയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന അവർക്ക് വിമർശനങ്ങളും, സഹിഷ്ണുതയും ഉൾക്കൊള്ളിക്കാനാകാതെവരുന്നു.

ഒരു സമൂഹത്തിന്റെ മാനസികാവസ്ഥയുടെ തോത് ലൈംഗികമായ മാറ്റങ്ങൾക്കനുസരിച്ചായിരിക്കും. ജർമ്മനിയിലെ മദ്ധ്യവർഗ്ഗങ്ങൾ സോഷ്യൽ ഡെമോക്രസിയിൽനിന്ന് ഫാസിസത്തിലേയ്ക്ക് കൂറുമാറിയത് കുടുംബഘടനയിലെ പിതൃവാഴ്ച (Patriaschy) യുടെ സ്ഥാനത്ത് മാതൃദേശീയതയെ വാഗ്ദാനം ചെയ്യപ്പെട്ടപ്പോഴായിരുന്നു. സ്വസ്തിക് ചിഹ്നം സ്വതന്ത്രമായ ലൈംഗികസംവാദമായി വിനിമയം ചെയ്യപ്പെട്ടു. വംശീയതയുടെ പ്രാചീനമായ സ്മൃതികളാണ് ജന്മസിദ്ധമായ കലാപങ്ങൾക്കടിസ്ഥാനം. ഇതേ സമാനതയിലൂടെയാണ് ഇന്ത്യൻ സമകാലീനത മുന്നോട്ടുപോകുന്നത്. ഫാസിസത്തിന് എപ്പോഴും വിദൂരലക്ഷ്യങ്ങളേ പറയാനുണ്ടാകു. കൂട്ടിന് പുരാണമിത്തുകളും. ലൈംഗികമായ അസ്വാതന്ത്ര്യ നിക്ഷേപങ്ങളാണ് ചരിത്രത്തിന്റെ ദിശകളെ നിർണ്ണയിക്കുന്നതെന്ന് സാമൂഹികമനഃശാസ്ത്രജ്ഞർ പറയുന്നു.

ചരിത്രത്തിന്റെ വഴികളിലെ തിരസ്ക്കാരമുദ്രകൾ സംസ്ക്കാരത്തിന്റെ ഗോപുരങ്ങളെ പ്രകാശിപ്പിക്കുന്നു. തിരസ്ക്കാരം ഒരവസ്ഥയിൽ പ്രയോഗിക്കുന്ന തിരുത്തലുകളല്ല, മറിച്ച് പുറംവാതിലുകളിൽനിന്ന് വെറുപ്പുണ്ടാക്കുന്ന, കോപത്തോടെയുള്ള അവസ്ഥയിൽ കടന്നുവരും. ഡയോജനീസിന്റെ ദിനചര്യകൾ ചത്തവനോടുള്ള സുവിശേഷമായിരുന്നില്ല, അതിന്റെ മൗലികതയിൽനിന്ന് പാഠങ്ങൾ ഉൾക്കൊള്ളുവാൻ ആർക്കും നേരമുണ്ടായിരുന്നില്ല. കലയുടെ വിശാലതയിൽ വിശ്വാസങ്ങൾക്ക് സാന്ത്വനങ്ങളുണ്ട്. കലാപങ്ങൾ വിശ്വാസങ്ങളിലെ രജതമുദ്രകളാണ്. ദൈവത്തോടുള്ള കലാപം നോക്കുക. പ്രളയാനുഭവങ്ങളിൽ നിരപരാധികൾ വിലപിക്കുമ്പോൾ ദൈവം ഉറങ്ങുകയായിരിക്കും എന്നു ചിന്തിച്ചവരുണ്ട്. ഒടുവിൽ.......അതിമാനുഷന്റെ വിശാലതയിൽ പ്രഖ്യപിച്ചു. ദൈവം മരിച്ചു. ശവപ്പെട്ടിയിലെ ദൈവത്തിന്റെ കൊളാഷുകൾ ആധുനികജീവിതത്തിന്റെ പ്രതിഫലനങ്ങളിലെ നേരംപോക്കായിമാറി. ആധുനികചിന്തയുടെ പ്രകമ്പനങ്ങൾ സദാചാരമൂല്യങ്ങളെ വേട്ടയാടിത്തുടങ്ങി. ഫ്രോയിഡിന്റെ മനഃശാസ്ത്രലോകം മനുഷ്യനെ വിലയിരുത്തുന്നതിൽ പൂർണ്ണമായും വിജയിച്ചില്ല. എങ്കിലും കോട്ടകൾ തകർക്കാൻ ഫ്രോയിഡിനു കഴിഞ്ഞു. ഈഡിപ്പസ് കോംപ്ലക്സിൽനിന്ന് നാർസിസ(ആത്മരത) ത്തിലേയ്ക്കും രതിയുടെ സംക്രമണം ചുരുൾ നിവർത്തപ്പെട്ടു.

ബാക്കിയാകുന്ന ജീവിതം ദുരന്തസ്പർശിയാകുമ്പോൾ ആധുനികമനുഷ്യൻ സംസ്ക്കാരത്തിന്റെ താല്ക്കാലിക പരിഹാരങ്ങളെ ഖേദത്തോടെ വീക്ഷിക്കുന്നു. പ്രാചീനഗ്രീക്കിന്റെ സന്ധ്യയിൽ ദൈവം പ്രകോപിതങ്ങളായ വിധിയെറിഞ്ഞ് അവരെ നിസ്സഹായതയുടെ ചുവരുകൾക്കുള്ളിൽ എറിഞ്ഞു. പ്രാപഞ്ചികമായ അവാസ്തവികതയിൽ ഗൂഢമായ നീക്കങ്ങളിൽപ്പെട്ട് ദുരന്തം തുടരുകയാണ്. പഴയ ജനസാഹിത്യത്തിൽ............പരീക്ഷിക്കപ്പെട്ടിരുന്നത് വ്യക്തിയുടെ അവസ്ഥയിലേയ്ക്കുള്ള അവഹേളനമായിട്ടാണ്. പ്രാചീനപ്രവചനങ്ങളും കാലത്തിന്റെ നേർത്ത സ്വരങ്ങളും ജീവിതത്തെ പ്രളയാനുഭവങ്ങളിലേയ്ക്ക് നയിക്കുമ്പോൾ മരണത്തിനുമുന്നിൽ നിസ്സംഗനാകുവാൻ കഴിയുന്നു (ഇഡിപ്പസ്). സ്വയം തി

# നഷ്ട സ്വപ്നങ്ങൾ

രാത്രിയുടെ നിശബ്ദതയിൽ ക്ലോക്കിന്റെ പെൻഡുലം ചലിച്ചു. 12 മണി. സമയം ഇത്രയായിട്ടും എനിക്ക് ഉറങ്ങാൻ പറ്റുന്നില്ല. ഭൂതകാലത്തിന്റെ വിശാലമായ ഓർമ്മകളിലേയ്ക്ക് ഞാൻ വഴുതിവീണു. ഒരു നിമിഷം അവൾ എന്റെ മനസ്സിലേയ്ക്ക് അനുവാദം ചോദിക്കാതെ കടന്നുവന്നു. ആനി എന്റെ അനുജത്തി. ഈ ലോകത്തിലെ എല്ലാ മനുഷ്യരെക്കാളും ജീവനായിരുന്നു അവൾക്ക് ഞാൻ. എനിക്കും അതുപോലെയായിരുന്നു. പക്ഷേ, കൂടുതൽ കാലം ഞങ്ങൾക്ക് ഒരുമിച്ചുനിൽക്കാൻ കാലം അനുവദിച്ചില്ല. വിധിയുടെ ഇരുമ്പുവാളിനിടയിൽപ്പെട്ട് അവൾ മറഞ്ഞുപോയി; എന്നെ കബളിപ്പിച്ചുകൊണ്ട്.

അമ്മയുടെയും അച്ഛന്റെയും സ്നേഹം എന്തെന്നറിഞ്ഞിട്ടില്ലാത്ത ഞങ്ങൾ മുത്തച്ഛന്റെയും മുത്തശ്ശിയുടെയും വീട്ടിൽ കഴിഞ്ഞു. ഓരോ മാസവും ഏതോ ദൂരദേശത്തുനിന്നും അച്ഛനും അമ്മയും പണമയയ്ക്കും. ഇന്നുവരെ ഞങ്ങളുടെ പേരിൽ ഒരു കത്തുപോലും അയയ്ക്കുവാനുള്ള സന്മനസ്സ് അവർക്കുണ്ടായിട്ടില്ല. പതിവുപോലെ ആ മാസവും പോസ്റ്റ്മാൻ മണിയോർഡർ കൊണ്ടുതന്നു. അതുകണ്ട് ആനി നിലവിളിച്ചുകൊണ്ട് അകത്തേയ്ക്ക് കയറിപ്പോയി. കാര്യം അന്വേഷിച്ച എന്നോട് അവൾ വിങ്ങി കരഞ്ഞുകൊണ്ട് ചോദിച്ചു.

ചേച്ചി, എന്റെ അച്ഛനും അമ്മയും എവിടെയാണ്. അവർ എന്നാണ് വരുന്നത്. സ്കൂളിൽ എല്ലാ കുട്ടികളുടെയും അച്ഛനും അമ്മയും വരുമ്പോൾ എനിക്കു മാത്രം ആരും ഇല്ലല്ലോ. എനിക്കവരെ ഇപ്പോൾത്തന്നെ കാണണം. അവളുടെ ഈ ചോദ്യങ്ങൾക്ക് എനിക്ക് യാതൊരു മറുപടിയും ഇല്ലായിരുന്നു. എങ്കിലും ഞാനൊരുവിധത്തിൽ പറഞ്ഞൊപ്പിച്ചു.

മോളെ നമ്മളെ കാണാൻ കൈനിറയെ കളിപ്പാട്ടങ്ങളുമായി അവർ വരും. എന്നിട്ട് എന്റെ മോളെ കെട്ടിപ്പിടിച്ച് ഉമ്മതരും പിന്നീടൊരിക്കലും അവർ നിന്നെ ഇവിടെ നിർത്തിയിട്ട് എങ്ങും പോകില്ല.

എങ്ങനെയോ ഞാനവളുടെ ശ്രദ്ധ തിരിച്ച് അവളിൽനിന്നും തൽക്കാലം രക്ഷപെട്ടു. പിന്നീട് എന്നും അവൾ കാത്തിരിക്കും. കൈനിറയെ സമ്മാനങ്ങളുമായി വരുന്ന മാതാപിതാക്കളെ. അതുകണ്ട് ഞാൻ മാറിനിന്ന് പൊട്ടിക്കരയുമായിരുന്നു.

പെട്ടെന്നൊരുദിവസം ഒരു ഫോൺകാൾ വന്നു. ആ വാർത്ത എന്നെ പൂർണ്ണമായും തളർത്തിക്കളഞ്ഞു. എന്റെ അച്ഛനും അമ്മയും ഒരു ആക്സിഡന്റിൽപ്പെട്ട് മരിച്ചുപോയി. ഇനി ആനിമോളോട് ഞാൻ എന്തുപറയും. ഈ വാർത്ത അവളിൽനിന്നു ഞാൻ മറച്ചുവച്ചു. ഞങ്ങളെ തനിച്ചാക്കിയിട്ട് അവർ രണ്ടുപേരും വിദൂരതയിലേയ്ക്ക് പറന്നുയർന്നു. ഇനി മാതാപിതാക്കളെന്നത് വെറുമൊരു സ്വപ്നം മാത്രം. ഇതൊന്നുമറിയാത്ത ആനിമോൾ എന്നെ പതിവുപോലെ അന്നും കളിക്കാൻ വിളിച്ചു. അവളുടെ മുന്നിൽ പതർച്ചയൊന്നും കാട്ടാതെ അവളോടൊപ്പം പോയി. അവൾ വളരെ സന്തോഷവതിയായിരുന്നു അന്ന്. എന്താണെന്ന് എനിക്കറിയില്ല. അവളുടെ സന്തോഷത്തിൽ പങ്കുചേർന്നുകൊണ്ട് ഞാൻ എന്റെ ദുഃഖം മറക്കാൻ ശ്രമിച്ചു. പക്ഷേ, ആ നിമിഷം മുതൽ അവളും എന്നെ കബളിപ്പിക്കാൻ തുടങ്ങുകയായിരുന്നു. മുറ്റത്തു കളിച്ചുകൊണ്ടിരുന്ന അവളുടെ മുഖം പെട്ടെന്നു വിളറി. പെട്ടെന്ന് അവൾ ബോധംകെട്ടുവീണു. ഞാൻ ഓടിച്ചെന്ന് അവളെ വാരിയെടുത്തു. ഹോസ്പിറ്റലിലേയ്ക്ക് ഫോൺ ചെയ്തു. ഡോക്ടർ വന്ന് ചികിത്സിച്ചു. രോഗവിവരമറിയാൻ ഞാൻ ഡോക്ടറുടെ പിറകേപോയി. അദ്ദേഹം പറഞ്ഞു, വൈദ്യശാസ്ത്രത്തിനുപോലും കണ്ടെത്താൻ കഴിയാത്ത മാരകരോഗമാണ് കുട്ടിക്ക്. ഇതിന് പ്രതിവിധി ഒന്നുമില്ല. ദൈവത്തിനോട് പ്രാർത്ഥിക്കാനല്ലാതെ നമുക്കൊന്നും ചെയ്യാൻ കഴിയില്ല. കൂടിപ്പോയാൽ ഒരാഴ്ച. അതിൽക്കൂടുതൽ...... അദ്ദേഹം അപൂർണ്ണമായി നിർത്തി. ഇതുകേട്ട് എനിക്കൊന്നും സംസാരിക്കുവാൻ കഴിഞ്ഞില്ല. ഞാൻ നിയന്ത്രണംവിട്ട് പൊട്ടിക്കരഞ്ഞു. അദ്ദേഹം അതുകണ്ട് വീണ്ടും തുടർന്നു. ഈ അവസ്ഥയിൽ പതറാൻ പാടില്ല. അവൾക്ക് കൂടുതൽ സന്തോഷം കൊടുക്കണം. എന്ത് ആഗ്രഹമുണ്ടെങ്കിലും കഴിവതും സാധിച്ചുകൊടുക്കുക. ഇത്രയും പറഞ്ഞ് അദ്ദേഹം പോയി.

ദിവസങ്ങൾ കഴിയും തോറും എനിക്ക് പേടി കൂടിക്കൂടി വന്നു. അവളുടെ മുഖത്ത് നോക്കാൻ എനിക്ക് കഴിയുന്നില്ല. എങ്കിലും വിഷമം മറച്ചുവച്ച് അവളെ സന്തോഷിപ്പിച്ചു. ആഴ്ചയുടെ അവസാനദിവസങ്ങളിലേയ്ക്ക് അവൾ വഴുതി വീണു. ആ ദിവസം രാത്രിയിൽ അവൾ വളരെ താമസിച്ചാണ് ഉറങ്ങിയത്. എന്നെയും കെട്ടിപ്പിടിച്ചുറങ്ങുന്ന ആനിയെക്കണ്ട് എന്റെ ഹൃദയമിടിച്ചു. അന്ന് ഞാനുറങ്ങിയില്ല. പ്രഭാതമായപ്പോൾ ഒരു ചെറിയ മയക്കം. പക്ഷേ, അപ്പോഴേയ്ക്കും അവൾ എന്നെ തട്ടിവിളിച്ചുകൊണ്ട് ചോദിച്ചു. ഞാനെത്രനാളായി ചോദിക്കുന്നു അച്ഛനും അമ്മയും എന്നാണ് വരുന്നതെന്ന്. ഇന്നാണോ നാളെയാണോ വരുന്നത്. ഞാനറിയാതെ പറഞ്ഞു ഇന്നുവരും. ഇന്ന് വന്ന് മോളെ വാരിയെടുത്ത് ഉമ്മതരും. എന്റെ ഈ വാക്കുകേട്ട് അവൾ ചോദിച്ചു. അച്ഛനും അമ്മയും തിരി

ശ്വസിക്കപ്പെട്ട ദുരന്തം മനുഷ്യനിൽ ആരോപിക്കപ്പെട്ടത് ആധുനികകാലത്താണ്. താൽക്കാലികമായ ധാരണയും തീരുമാനങ്ങളും സ്വയം പ്രവർത്തനങ്ങളും ഉത്കണ്ഠാകുലമായ കാലവും എല്ലാം അനന്തമായ തടവറകളാണ്. എന്റെ ജീവിതം എനിക്ക് വിട്ടുതരിക. ഇത് ആവർത്തനങ്ങളായ ദിനചര്യകൾക്കുള്ള മറുമരുന്നാകരുത്. മറിച്ച് പ്രഹേളികാസ്വപ്നങ്ങളിൽ അസ്തിത്വത്തിന്റെ വിചിത്രമേഖലയിലെ അപരിചിതമായ അസ്വസ്ഥതയാണ്. ദർശനത്തിലെ ഇരുണ്ട നിസ്സംഗത സാമൂഹ്യമായ ഉദാഗ്രത പ്രതിഫലിപ്പിക്കുന്നില്ല. സാമൂഹികത വേട്ടയാടുമ്പോൾ പ്രവഹിക്കുന്ന കലാപമാണ് മൗനം. അസ്വസ്ഥപ്പെടുന്ന അറിവുകൾക്ക് മൗനം കുടിയിരുത്തുവാൻ ശ്രമിക്കുന്നു. യുക്തിയുടെ അതിർവരമ്പുകൾ ഭേദിച്ച് അമൂർത്തതയിൽ ചിറകുയർത്തുമ്പോൾ ജീവിതത്തിന്റെയും മരണത്തിന്റെയും സർറിയലിസ്റ്റ് കലാപങ്ങൾ രൂപംകൊള്ളുന്നു. ബോധത്തിന്റെയും അബോധത്തിന്റെയും നീലപ്പരപ്പുകളിൽ കാലം അവിരാമം ഉരുളുകയാണ്. എല്ലാ പൂർവ്വികാംശങ്ങളും നിഴലുകൾക്കുള്ളിൽ സംഘട്ടനത്തിലാണ്. രാത്രിയുടെ, മരണത്തിന്റെ മറുതീരങ്ങളിൽ ഞാനും നീയും തിരിച്ചറിയപ്പെടാം.

വൈ.എ. സലാം
IInd English



## *നഷ്ടസ്വപ്നങ്ങൾ തുടർച്ച*

ച്ചുപോകുമ്പോൾ എന്നെ കൊണ്ടുപോകുമോ ? കൊണ്ടുപോയില്ലെങ്കിലും ഞാൻ പോകും. അപ്പോൾ പിന്നെ അവർ ഒരിക്കലും എന്നെ പിരിയില്ല അല്ലേ ചേച്ചി. ? ഞാൻ ഒരുവിധത്തിൽ മൂളിസമ്മതിച്ചു. എന്നും ചെയ്യാറുള്ളതുപോലെ ഞാനവളെ ആ വിഷയത്തിൽനിന്നും ശ്രദ്ധ തിരിപ്പിച്ചു. എന്നോട് അവൾ പതിവില്ലാതെ ചോദിച്ചു എനിക്കൊരു ഐസ്ക്രീം വാങ്ങി തരുമോ ? അതിനെന്താ ചേച്ചി ഇപ്പോൾ വാങ്ങിക്കൊണ്ടുതരില്ലേ. ഇതു പറഞ്ഞുകൊണ്ട് ഞാൻ കടയിലേയ്ക്ക് ഓടി.

ഐസ്ക്രീമും വാങ്ങി തിരികെ വന്നപ്പോൾ വീട്ടിനുചുറ്റും ഒരാൾക്കൂട്ടം കണ്ടു. അതുകണ്ട് ഞാൻ അവരെയെല്ലാം തള്ളിമാറ്റിക്കൊണ്ട് എന്റെ ആനിയുടെ അടുത്തേയ്ക്കുപോയി. ഏതോ സ്വർഗ്ഗീയസന്തോഷത്തിൽ ചിരിച്ചുകൊണ്ട് നിശ്ചലമായിക്കിടക്കുന്ന ആനിമോളെ ഞാൻ പിടിച്ചുകുലുക്കി. ഐസ്ക്രീം കൊടുക്കാൻ പ്രതികരണമൊന്നുമില്ലാതെ കിടക്കുന്നതുകണ്ടപ്പോൾ എനിക്കുമനസ്സിലായി അച്ഛനമ്മമാരോടൊപ്പം എന്നെ ഇവിടെ ഒറ്റയ്ക്കാക്കിയിട്ട് അവൾ യാത്രപറഞ്ഞു പോയെന്ന്.

ഞാൻ സ്നേഹിച്ച എല്ലാവരും എന്നെവിട്ടുപോയി. ഏതോ ലോകത്തേയ്ക്ക്. ഞാൻ മാത്രം ഏകയായി ഈ ഭൂമിയിൽ. ഏകാന്തത എന്റെ അടുത്ത കൂട്ടുകാരിയായി മാറി. പിന്നെയും ഞാൻ ആർക്കോ വേണ്ടി ജീവിക്കുവാൻ നിർബന്ധിതയാകുന്നു. എന്റെ കണ്ണുകളിൽ നിന്നും കണ്ണുനീർ കിനിഞ്ഞിറങ്ങി.

മോളെ വാതിൽ തുറക്കൂ. ഇതാ കാപ്പി പുറത്ത് നിന്നും വേലക്കാരിയുടെ ശബ്ദം കേട്ട് ഞാൻ സ്വപ്നത്തിൽനിന്നെന്ന പോലെ ഞെട്ടിയുണർന്ന് ഓർമ്മകളുടെ ഭീകരമായ വാതിൽ വലിച്ചടച്ചിട്ട് പരിസരബോധം തിരിച്ചെടുക്കാൻ ശ്രമിച്ചുകൊണ്ട് ഞാൻ വാതിൽ തുറന്നു. ഒരു പുതിയ പ്രഭാതം കണ്ടുകൊണ്ട് ഞാൻ കാപ്പിവാങ്ങിക്കുടിച്ചു. എന്റെ മനസ്സിലെ ഏതോ ഒരു ഭാരം ഒഴിഞ്ഞപോലെ തോന്നി. ആ പ്രഭാതം കണ്ടപ്പോൾ. ഒരു പുതിയ ഉൻമേഷത്തോടെ ഞാൻ എന്റെ ജോലി തുടങ്ങാൻ പോവുകയാണ്.

ജിബു ബാബു
I PDC

# Would You Like To Be a Computer Professional ?



സർക്കാർ, സ്വകാര്യ മേഖലകളിൽ സംജാതമാകുന്ന തൊഴിലവസരങ്ങൾ നേടുന്നതിനുപയുക്തമായ ഗവ: അംഗീകൃത കോഴ്സുകൾ ഉൾപ്പെടെയുള്ള വിവിധ കംപ്യൂട്ടർ കോഴ്സുകൾ.

- Data Preparation and Computer Software (NCVT - Govt. of India)
- PGDCA
- DCA
- DOA
- Gulf Oriented Package
- WINDOWS
- EXCEL
- MS-WORD
- FoxPro
- Auto CAD
- dBase
- Wordstar
- Lotus 1-2-3
- Computerised Telex
- BASIC
- COBOL
- UNIX & C++
- LAN Operation

- *SC/ST* വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം
- ആവശ്യാനുസരണം പ്രാക്ടിക്കൽ
- വിപുലമായ ലൈബ്രറി സൗകര്യം
- *Day, Noon and Evening* ബാച്ചുകൾ
- *K S R T C, Private bus* കൺസഷൻ

**CENTRAL**

INSTITUTE OF TECHNOLOGY

College Road
SASTHAMCOTTA

Near S. N. College Jn.
Kappalandimukku
KOLLAM. Ph: 743307

*Learning at Central is Different*

കേരളത്തിന്റെ മഹനീയമായ എഞ്ചിനീയറിംഗ് സ്ഥാപനത്താൽ ധന്യമായ
കരിക്കോടിന് പ്രിയമേറിയ പ്രിയദർശിനി

# പ്രിയദർശിനി ഫാൻസി സ്റ്റോർ

റ്റി.കെ.എം. ആർട്ട്സ് കോളേജിന് സമീപം
കരിക്കോട്.

## ഫാൻസിസാധനങ്ങൾക്ക് ഒരു സമ്പൂർണ്ണ സ്ഥാപനം

- പാദരക്ഷകൾ
- സ്യൂട്ട് കെയ്സുകൾ
- എയർ ബാഗുകൾ
- വാനിറ്റി ബാഗുകൾ
- പ്രസന്റേഷൻ സാധനങ്ങൾ
- ഗോൾഡ് കവറിംഗ് ആഭരണങ്ങൾ
- തയ്യൽ സാധനങ്ങൾ
- പോപ്പികുടകൾ
- ജോൺസ് കുടകൾ

**പ്രിയദർശിനി ഫാൻസി സ്റ്റോർ, കരിക്കോട്**

# വിദ്യാഭ്യാസം വ്യവസായമോ ?

വിദ്യാഭ്യാസത്തിന്റെ മൂല്യം ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കാലപുസ്തകത്തിന്റെ പേജുകൾ മറിച്ചാൽ വിദ്യാഭ്യാസത്തിന്റെ മൂല്യച്യുതി നമുക്ക് മനസ്സിലാക്കാം. ഇന്ന് വിദ്യാഭ്യാസം വ്യവസായവൽക്കരിക്കപ്പെട്ടിരിക്കുന്നു. കോൺക്രീറ്റ്കെട്ടിടങ്ങളുടെ അറകൾക്കുള്ളിൽ വിദ്യാർത്ഥികൾ തിങ്ങിക്കൂടിയിരിക്കുന്നു. ഈ അവസ്ഥയിൽ കുറെ ബുദ്ധിമാൻമാരോട് ഒരു മണ്ടൻ എന്തോ പറയുന്നത്പോലെ വിദ്യാർത്ഥികൾക്കും, കുറെ മണ്ടൻമാരോട് ഒരു ബുദ്ധിമാൻ എന്തോ പറയുന്നതുപോലെ ഗുരുവിനും തോന്നുന്നു. ഇതാണോ വിദ്യാഭ്യാസം ?

ആഗോളവൽക്കരണത്തിൽ മതിലുകൾ മറിഞ്ഞ് വീഴുകയും, അതിർത്തികൾ മാഞ്ഞ് പോകുകയും ചെയ്യുമ്പോൾ സർവ്വകലാശാലകൾക്കെന്തുപറ്റും, അവയുടെ മുഖവും മാറും. ലാഭം നേടാവുന്ന ഒരു കച്ചവടമായി വിദ്യാഭ്യാസം ഇന്ന് മാറിയിരിക്കുന്നു. സർവ്വകലാശാലകളുടെ മുഖ്യലക്ഷ്യം പ്രത്യേക തൊഴിലുകൾ നേടുന്നതിന് വേണ്ടി വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ്.

നമ്മുടെ സംസ്ഥാനത്ത് സ്കൂളുകളും കോളേജുകളും പെരുകുന്നു. ഇന്ന് അൺഎയിഡഡ് സ്ക്കൂളുകളും, കോളേജുകളും സ്ഥാപിക്കാൻ പോലും ചിന്തിക്കുന്നു. ഇത്തരം അൺ-എയിഡഡ് സ്ഥാപനങ്ങൾ നിലവിൽ വന്നാൽ നമ്മുടെ സർവ്വകലാശാലകൾ പൂട്ടേണ്ടിവരും. അൺ-എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ തൊഴിലധിഷ്ഠിതമായ കോഴ്സുകൾ രൂപീകരിക്കുന്നു. മാത്രമല്ല ഈ സ്ഥാപനങ്ങൾക്ക് ഗവൺമെന്റിൽനിന്ന് യാതൊരു സഹായവും ലഭിക്കുന്നില്ല. അതിനാൽ വിദ്യാർത്ഥികളിൽനിന്ന് ഭാരിച്ച ഫീസ് ഈടാക്കുന്നു. സാമ്പത്തികമായി ഉയർന്നുനിൽക്കുന്ന വിഭാഗങ്ങൾക്കുമാത്രമേ ഇത്തരം കോഴ്സുകളിൽ പ്രാവീണ്യം നേടാൻ കഴിയൂ. തൽഫലമായി വിദ്യാഭ്യാസം സമ്പന്നരുടെ കുത്തകയായി മാറുന്നു. ഇവിടെ അദ്ധ്യാപകൻ വ്യവസായിയും വിദ്യാർത്ഥി ഉപഭോക്താവും ആകുന്നു.

കടയിൽ വ്യവസായി ഉപഭോക്താവിനോട് വിലപേശുന്നു. വില ഉറപ്പിക്കുന്നു. അവസാനം പണം കൊടുത്ത് സാധനങ്ങൾ വാങ്ങുന്നു. അതുപോലെ വിദ്യാർത്ഥി അയാളോട് ആവശ്യപ്പെടുന്ന പണം ഒന്നു പേശിനോക്കിയശേഷം കൊടുക്കുന്നു. അതിന് പകരമായി വിദ്യാഭ്യാസം എന്ന സാധനം വിദ്യാർത്ഥിക്ക് വിൽക്കുന്നു. വിദ്യാഭ്യാസം ഇങ്ങനെ കരുതാവുന്ന ഒരു വ്യവസായ മേഖലയാണോ ?

ഗുരുവും ശിഷ്യനും ഒരു മനസ്സായി പ്രവർത്തിക്കേണ്ട കർമ്മമാണിത്. ഇപ്രകാരം മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടക്കുന്നില്ല. ഇതുതന്നെയാണ് നമ്മുടെ വിദ്യാഭ്യാസത്തിന്റെ ദോഷം. ഈ വ്യവസായവൽക്കരണത്തിന്റെ പിടിയിൽനിന്ന് വിദ്യാഭ്യാസത്ത രക്ഷിക്കാൻ കഴിയുമോ ?

പുരാതനകാലത്ത് ഗുരുകുലവിദ്യാഭ്യാസം എന്നൊരു സമ്പ്രദായമുണ്ടായിരുന്നു. ഗുരുവും ശിഷ്യനും ഒരു മനസ്സായി ഇവിടെ പ്രവർത്തിക്കുന്നു. മരങ്ങൾ പടർത്തുന്ന തണലിൽ സർവ്വജ്ഞാനിയായ ഒരു ഗുരുവും, ആ ഗുരുവിൽനിന്ന് വിദ്യ അർത്ഥിക്കുന്നതിന് വേണ്ടി ശിഷ്യൻമാരും ഇരിക്കുന്നു. ഇതാണ് യഥാർത്ഥ വിദ്യാഭ്യാസം.

A sound mind in a sound body, എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. പ്രാഥമിക വിദ്യാഭ്യാസം ഭരണഘടനാപ്രകാരം ഓരോരുത്തരുടെയും മൗലിക അവകാശമാണ്. പക്ഷേ, ഉന്നത വിദ്യാഭ്യാസമല്ല. ഉന്നതവിദ്യാഭ്യാസം ഇതുവരെ ചുരുക്കംപേർക്ക് കിട്ടുന്ന ഒരു ഭാഗ്യമായിരുന്നു. ഇന്ന് ഇത് ആർക്കുവേണമെങ്കിലും നേടാം, സമ്പന്നർക്ക്. ഇന്ന് വിദ്യാർത്ഥി ഉപഭോക്താവും, അദ്ധ്യാപകൻ വ്യവസായിയുമായിരിക്കുന്നതിനാൽ വിദ്യാഭ്യാസം ഒരുവന്റെ തലക്ക്മുകളിൽ നൂലിൽ കെട്ടിയിരിക്കുന്ന കെട്ടിയിട്ടിരിക്കുന്ന വാളായിത്തീർന്നിരിക്കുന്നു.

ഇന്ന് ഡിഗ്രിയില്ലാത്ത, ഏറ്റവും കുറഞ്ഞത് SSLC പോലും ഇല്ലാത്ത ആരും ഈ നാട്ടിൽ ഇല്ല. ഗവൺമെന്റ് വിദ്യാഭ്യാസം റേഷനരിപോലെ വിതരണംചെയ്യുന്നു. ഈ ആൾക്കാർ തൊഴിലില്ലാതെ നാട്ടിനും വീട്ടിനും ശല്യമായിത്തീരുന്നു. ഇക്കാരണത്താൽ അവൻ വിദ്യാഭ്യാസത്തിന് മാന്യത കല്പ്പിക്കുന്നില്ല. എന്ന് മാത്രമല്ല. അവൻ അടുത്ത തലമുറയെ വിദ്യാഭ്യാസത്തിൽനിന്ന് പിന്തിരിപ്പിക്കുന്നു.

അൺ–എയിഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിക്കാൻ ശ്രമിക്കുന്നതുപോലും വിദ്യാഭ്യാസത്തെ വ്യവസായവൽക്കരിക്കാനുള്ള നടപടിയായി ഞാൻ കാണുന്നു. സ്വകാര്യവ്യക്തികൾക്ക് സ്ക്കൂളുകളും കോളേജുകളും വിട്ടുകൊടുക്കുന്നു. അവർ ഈ വിദ്യാഭ്യാസ സമ്പ്രദായത്തിൽനിന്ന് ലാഭംകൊയ്യാൻ ശ്രമിക്കുന്നു. വിദ്യഭ്യാസത്തിന്റെ രീതി ഇന്ന് ഇപ്രകാരമായാൽ ഒരു നൂറ്റാണ്ടുകൂടി കഴിയുമ്പോൾ വിദ്യാഭ്യാസത്തിന്റെ സ്ഥിതി എന്താകും ? അന്നൊരു വൻവ്യവസായമായിട്ടായിരിക്കും നമുക്ക് വിദ്യാഭ്യാസത്തെ കാണാൻ കഴിയുക. വ്യവസായമായിട്ടല്ലാതെ സേവനമായി നമുക്ക് വിദ്യാഭ്യാസത്തെ കാണാൻ കഴിയുമോ ? എങ്കിൽപ്പിന്നെ നമുക്ക് ചെയ്യാൻ കഴിയുന്നത് അങ്ങേയറ്റം ഗുണനിലവാരം പുലർത്തുന്ന വിദ്യാഭ്യാസമായോ, വ്യവസായമായോ വിദ്യാഭ്യാസത്തെ വികസിപ്പിച്ചെടുക്കുക എന്നതാണ്. മാന്യമായ അന്തസ്സുള്ള കച്ചവടം.

വിദ്യാഭ്യാസം ഒരു വ്യവസായമായി മാറിക്കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, അദ്ധ്യാപനം അതിന്റെ എല്ലാ മൂല്യങ്ങളും നഷ്ടപ്പെട്ട്, ധനമാർഗ്ഗം മാത്രമായിത്തീർന്നിരിക്കുന്നു. ഇതിൽനിന്ന് വിദ്യാഭ്യാസത്തെ രക്ഷിക്കാൻ ശ്രമിക്കുക. നമുക്കതിന് കഴിയട്ടെ.

**സനുജ് .എ**
IInd PDC
II A4 Batch,
T.K.M.C.A.S

# നാം ആരെ പേടിക്കണം ?

ചോദ്യങ്ങളുടെ മൗലികമായ അന്തർധാരയിലേയ്ക്ക് പ്രവേശിക്കാതെ, അതിന്റെ പ്രതിച്ഛായയിലെ വീർപ്പുമുട്ടിക്കുന്ന വാക്കുകളിൽ കുടുങ്ങി, സ്വയം നിസ്സഹായാവസ്ഥയിലാണെന്ന് പ്രഖ്യാപിക്കുന്നവരാണ് നാമധികവും. ചോദ്യങ്ങളുടെ ശ്രേണിയിൽ ജീവിതത്തെ കുടുക്കാതെ ചോദ്യങ്ങൾക്കും ഉത്തരങ്ങൾക്കുമിടയിലെ നിസംഗമായ ശൂന്യതയിൽ ഒളിച്ചോടിപ്പാർക്കേണ്ടിവരുന്നു. മനസ്സിന്റെ നിശ്ചലതയ്ക്കുമുന്നിൽ ഒരു സെൻ പരിഹാരമുണ്ട്. നാം കണ്ടെത്തുന്ന ഉത്തരം തന്നെ ഒരു ചോദ്യമായി കരുതുക. മനസ് ചലിച്ചു തുടങ്ങുമ്പോൾ ജീവിതം വൈവിദ്ധ്യപൂർണ്ണമായിത്തീരുന്നു. വിശ്വാസങ്ങൾ വഴിതെളിക്കുന്നവരും, ഭൂതകാലം ഭാവിയിലെ ഭാവപ്പകർച്ചയ്ക്കുള്ള പരിഹാരവുമായി വരുന്നു. എല്ലാ നിർദ്ദേശങ്ങളിലൂടെയും നാം ജീവിച്ചു തുടങ്ങുമ്പോൾ കാലത്തിന്റെ ഇടപെടലുകൾക്കുള്ളിൽ നിങ്ങൾ അല്ലെങ്കിൽ ഞാൻ ഒന്നുമല്ലാതായിത്തീരാം. അപ്പോഴും ചോദ്യം അവശേഷിക്കുന്നു.

വിശ്വാസങ്ങളുടെ ക്രമീകരണങ്ങൾക്കും പുനഃക്രമീകരണങ്ങൾക്കുമിടയിൽ അമൂർത്തമായി അവശേഷിക്കുന്ന വിലാപങ്ങൾ ബാക്കിയാകുന്ന ജീവിതത്തിന് ഒരു പ്രശ്നം തന്നെയാണ് ഭൗതികവും മതപരവുമായ ഘടകങ്ങൾക്കുമപ്പുറം ബാക്കിയാകുന്ന ജീവിതത്തിന് നേരിടേണ്ടിവരുന്ന അനിവാര്യമായ ചോദ്യങ്ങളാണത്. അപ്പോൾ നിങ്ങൾ സ്വയം പൊട്ടിത്തെറിച്ച് ഇല്ലാതാകുവാൻ അബോധപരമായി ആഗ്രഹിക്കുകയും ചെയ്യുന്നു. ഏതൊക്കെ ചോദ്യങ്ങളാവാം നിങ്ങളെ ജീവിതത്തിൽനിന്ന് മാന്ത്രികമായി അകറ്റുന്നത്. സങ്കീർണ്ണമായ, സാമൂഹികധാരണകളിൽ നിങ്ങളുടെ വിശ്വാസം നിങ്ങലെ രക്ഷിക്കുമെന്ന് ഉറപ്പാക്കാനാകുമോ ? മറ്റാരെങ്കിലുമാണ് നിങ്ങളുടെ വിശ്വാസപാത്രമെങ്കിൽ, സാമൂഹികമായ പാപത്തിലൂടെയാണ് നിങ്ങളുടെ നിലനിൽപ്പെങ്കിൽ എന്താണ് നിങ്ങൾ ചെയ്യുന്നത്....? ജീവിതത്തിന്റെ കുറ്റ വിചാരണയിൽ എന്ത് സമാധാനമാണ് നിങ്ങൾ പറയുക.

നോക്കൂ, നിലനിൽപ്പാണ് നിങ്ങളുടെ പ്രശ്നമെങ്കിൽ പാപത്തിന്റെ ആഭരണങ്ങളണിയുവാൻ ആരാണ് കൽപ്പിച്ചത്. ? ശാസനകൾ സൃഷ്ടിക്കുന്ന വിഹ്വലതയിൽ മാളങ്ങൾ ആവശ്യമാണ്. മാളങ്ങൾക്കുമുന്നിൽ തീയാളുമ്പോൾ നിങ്ങൾ ശാന്തനായി ഉറങ്ങാൻ ശ്രമിക്കുന്നതെന്തിനാണ്. ? ഭരണകൂടത്തിന്റെ അധികാരപർവ്വങ്ങൾക്ക് സ്തുതിപാടുന്നവർക്ക് ചരിത്രത്തിന്റെ ഇടനാഴിയിൽ അവകാശപ്പെട്ടത് മൂഢമായ അസ്തിത്വമാണ്. ആരെയെങ്കിലും പേടിച്ചുതുടങ്ങുന്നതിനുമുമ്പ് ആരെയും വിശ്വസിക്കേണ്ടതില്ല. വിശ്വാസങ്ങളും ആദർശങ്ങളും ജീവിതവുമായി യാതൊരു ബന്ധവുമില്ല. നാടകത്തിന്റെ പിരിമുറുക്കങ്ങളിൽ നാം ചോദിച്ചുതുടങ്ങുന്നു. അഭിനയത്തിന്റെ സാദ്ധ്യതകൾ വികസിപ്പിക്കാമോ എന്ന്. അഭിനയത്തിന് ചെയ്യാവുന്ന ഒരു കാര്യമാണ് പേടിക്കുക എന്നത്. അതുമൂലം മറ്റാരെയെങ്കിലും വിശ്വസിക്കുന്നതിനു പകരം, സ്വന്തം വിശ്വാസങ്ങൾ മൂലം അപകടപ്പെടുന്നതിനും പകരം താൻ എന്തെന്നില്ലാത്ത ഭീതിയുടെ അടിമയാണെന്ന് സമ്മതിക്കുക എന്നത്. ആ ഭീതിയെന്നത് ജീവിതത്തിന്റെ വിശാലമായ ധാരണകളിൽ നിങ്ങൾ ചെയ്യുന്ന മൗലികമായ ഒരേയൊരു കാര്യമാണ്, സാധിക്കുമെങ്കിൽ ഭീതിയുടെ അടിമയായി സ്വയം പൊട്ടിത്തെറിച്ച് ഒടുങ്ങുക. ഇതൊക്കെ ചരിത്രത്തിന് അപരിചിതമായ സംഗതിയായിരിക്കാം. പക്ഷേ, ഇന്നത്തെ ചോദ്യങ്ങളുടെ ശ്രേണി പരമ്പരയിൽ ചെയ്യാവുന്ന കാര്യമാണിത്. നാം ആരെ എന്തിനെ പേടിക്കണം എന്നതിന് നിർദ്ദേശിക്കാവുന്ന ഉത്തരങ്ങൾ ഇവിടെ ധാരാളമുണ്ട്. ഭരണകൂടം, മതം, അധികാരം, അടിയന്തിരാവസ്ഥ, എയ്ഡ്സ്, പ്ലേഗ്, വംശീയ യുദ്ധം, വർഗ്ഗീയത, പട്ടിണി, യുദ്ധം, തീവ്രവാദം, ആറ്റംബോംബ്, ഗ്യാസ്സ്റ്റൗ ഹൊ ഭയാനകം ദയവായി പേടിച്ചു തുടങ്ങുക. വീണ്ടും നിങ്ങൾ നിങ്ങളെത്തന്നെ പേടിക്കണം. സംശയദൃഷ്ടിയോടെ, സ്വാന്ത്വനനിഴലുകൾക്കെതിരെ യുദ്ധം പ്രഖ്യാപിച്ച് കടന്നുപോവുക. നിങ്ങളുടെ വ്യാജമായ ധാർമ്മികതയെ ഇവിടെ ആരും ചോദ്യം ചെയ്യാൻ വരികയില്ല. നിങ്ങൾ ആരെ എന്തിനെ പേടിക്കണം എന്നുള്ളത് അഭീഷ്ടപ്രകാരം തിരഞ്ഞെടുക്കാം. നിങ്ങൾ പേടിക്കുവാൻ തുടങ്ങുന്നതിനുമുമ്പ് നിങ്ങളുടെ സ്വാതന്ത്ര്യം പഴയസാധനങ്ങൾ വാങ്ങുന്ന കടയിലെ ഗോഡൗണുകളിലേയ്ക്ക് വലിച്ചെറിയുക.

**ഡാനിയേൽ**
III English

# എന്റെ കുഞ്ഞിക്കിളി

കൂട്ടുകാരികളുമായി അന്ന് ഞാൻ വെറുതെ വഴക്കിട്ട് സ്ക്കൂൾ. മുറ്റത്ത് അതാ അവിടെക്കാണുന്ന ആലിൻ ചുവട്ടിലേയ്ക്ക് നടന്നാടുക്കുകയായിരുന്നു. വേദനയോടെയുള്ള ഒരു കിളിനാദം കേട്ട് ഞാൻ മുകളിലേയ്ക്ക് നോക്കി. ഒരു കുഞ്ഞിക്കിളിയെ മറ്റൊരുകിളി കൊത്തി വേദനിപ്പിക്കുന്ന കാഴ്ചയാണ് ഞാൻ കണ്ടത്. തിരിച്ച് ഉപദ്രവിക്കാതിരുന്നിട്ടും വീണ്ടും വീണ്ടും ആ കുഞ്ഞിച്ചിറകുകളിൽ ആഞ്ഞ് കൊത്തുകയായിരുന്നു മറ്റേക്കിളി. ഏതോ പക തീർക്കാനെന്ന മട്ടിൽ. കുഞ്ഞിക്കിളിയെ വേദനിപ്പിച്ചശേഷം മറ്റേക്കിളി അങ്ങകലേയ്ക്ക് പറന്നുപോയി; അല്പം ദൂരെ ചെന്നിട്ട് തന്റെ കറുത്ത കണ്ണുകളാൽ ഒന്നു തിരിഞ്ഞുനോക്കി. പിന്നെ അങ്ങ് അനന്തമായ വിഹായസ്സിന്റെ മടിത്തട്ടിലെവിടെയോ ഒളിച്ചു. ഞാൻ കണ്ണുകൾ പിൻവലിച്ച് കുഞ്ഞിക്കിളിയെ നോക്കി. പാവം! അതിന് വല്ലാതെ വേദനിക്കുന്നതായി എനിക്കു തോന്നി. കണ്ണുകൾ നിറഞ്ഞുവോ ? ആവോ ? എന്നിട്ടും ഒരുതുള്ളി കണ്ണീർപോലും താഴേയ്ക്ക് വീണില്ല. ആ കണ്ണുകൾ എന്റെ കരങ്ങളാൽ ഒപ്പുവാൻ ഹൃദയം വെമ്പൽകൊണ്ടു. ആ ചിറകുകൾ മാടിയൊതുക്കാൻ എന്റെ മനം വല്ലാതെ ആഗ്രഹിച്ചു. ആ പൊൻതൂവലുകൾ മൂടിയ ശരീരം തൊട്ടുതലോടി വേദനിക്കരുതേ എന്ന് പറയാൻ ഞാനൊരുപാട് ആശിച്ചു. പക്ഷേ, എന്നേക്കാൾ എത്രയോ ഉയരത്തിലാണ് ആ കുഞ്ഞിക്കിളി ? എന്റെ നിസ്സഹാസാവസ്ഥ എനിക്ക് ബോദ്ധ്യമായി. വെറുമൊരു കിളിക്കുപോലും അല്പം സാന്ത്വനം നൽകാൻ കഴിയാത്ത ഞാൻ വല്ലാതെ അഹങ്കരിക്കുന്നില്ലേ ? ഒരുതുള്ളിക്കണ്ണുനീർ കവിളിലൂടെ കൈകളിൽ വന്നുപതിച്ചു. ഞാനെന്തിനാണ് കരഞ്ഞത് ? എന്റെ നിസ്സാഹായാവസ്ഥയെക്കുറിച്ചോർത്തോ അതോ വേദനതിങ്ങി, ഒരു സാന്ത്വനവാക്കിനുപോലും ആരുമില്ലാതെ തേങ്ങുന്ന കുഞ്ഞിക്കിളിയെക്കുറിച്ചോർത്തോ ? അറിയില്ല. ഒരു നിമിഷം; ണീം ണീം ണീം അതാ ക്ലാസ്സിൽ ബെല്ലടിക്കുന്നു. ഞാൻ മുഖമുയർത്തിനോക്കി. ഇപ്പോഴും ആ കുഞ്ഞിക്കിളി മരച്ചില്ലയിൽ തന്നെയുണ്ട്. ഒരിക്കൽക്കൂടി നിറകണ്ണുകളോടെ അതിനെ നോക്കിയശേഷം ഞാൻ മെല്ലെ ക്ലാസ്സ്റൂമിലേയ്ക്കുപോയി. അന്ന് ഞാനെന്റെ കൂട്ടുകാരികളോട് മിണ്ടിയില്ല. എന്നിലെ മൗനം അവർ തിരിച്ചറിഞ്ഞിരുന്നു.



ഞാൻ പിറ്റേന്ന് സ്കൂളിലെത്തിയത് അൽപ്പം വൈകിയാണ്. ക്ലാസ്സ് നടക്കുമ്പോൾ കൂട്ടുകാരികൾ എന്നോടു മിണ്ടിയെങ്കിലും ഞാൻ കൂടുതലൊന്നും സംസാരിച്ചില്ല. ഇന്റർവെൽ ആകാൻ എന്റെ മനസ്സ് വെമ്പുകയായിരുന്നു. ആ കുഞ്ഞിക്കിളിയെക്കാണാൻ എന്റെ ഹൃദയം എത്രമാത്രം ആശിക്കുന്നണ്ടെന്ന് എനിക്ക് മനസ്സിലായി. ക്ലാസ്സിൽ ശ്രദ്ധിക്കാൻ എനിക്ക് കഴിഞ്ഞില്ല. ബെൽ മുഴങ്ങിയതും ഞാൻ അരയാലിൻ ചുവട്ടിലേയ്ക്കോടി. കൂട്ടുകാരികൾ പിന്നിൽനിന്ന് വിളിക്കുന്നുണ്ടായിരുന്നു. അതൊന്നും ശ്രദ്ധിക്കാൻ എനിക്കാവുമായിരുന്നില്ല. മനസ്സ് നിറയെ തലേന്നു കണ്ട കുഞ്ഞിക്കിളിയായിരുന്നു. ഞാൻ അരയാലിൻ ചുവട്ടിലെത്തി മുകളിലേയ്ക്ക് നോക്കി. എനിക്കെന്റെ കണ്ണുകളെ വിശ്വസിക്കാൻ കഴിഞ്ഞില്ല. അതേ മരച്ചില്ലയിൽ ഏകാകിയായി ആ കുഞ്ഞിക്കിളിയുണ്ടായിരുന്നു. എന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. അങ്ങനെ ഈ കൂടിക്കാഴ്ച പതിവായിത്തീർന്നു. ഞാൻ കുറേശ്ശെയായി എന്റെ കൂട്ടുകാരികളിൽനിന്ന് അകന്നുതുടങ്ങി. പിന്നീടെപ്പോഴോ ആ അകലം പൂർത്തിയായി. ഞാനും എന്റെ കുഞ്ഞിക്കിളിയും പതിവായി സംഗമിച്ചു. അപ്പോഴൊക്കെ നിശബ്ദമായ വാക്കുകൾകൊണ്ട് അത് എന്നോട് പലതും സംസാരിച്ചു. ആ ഭാഷ മനസ്സിലാക്കാൻ ഞാൻ ക്രമേണ ശീലിച്ചുതുടങ്ങി.

പിന്നീടൊരുനാൾ പതിവു സമയം ഞങ്ങൾ കണ്ടുമുട്ടി. ഉള്ളിൽ വിങ്ങിനിന്ന ഒരായിരം കാര്യങ്ങൾ അതെന്നോട് പറഞ്ഞു. ഹൃദയത്തിൽ തേങ്ങിനിന്ന സ്വന്തം കദനകഥ ഞാൻ വേദനയോടെ കേട്ടുനിന്നു. ഞാനറിയാതെ എന്റെ കണ്ണുകൾ നിറയുകയായിരുന്നു. ഇടയ്ക്കുവച്ച് കുഞ്ഞിക്കിളി നിർത്തിയപ്പോൾ ഞാൻ മുഖമുയർത്തി. അപ്പോഴെന്റെ കണ്ണുനീർ കവിളിലൂടെ ചാലിട്ടൊഴുകി. ഒരു നിമിഷം ! ആ കുഞ്ഞിക്കിളി മെല്ലെ എന്റെ തോളിൽ വന്നിരുന്നു. അതിന്റെ വലത്തേച്ചിറകുകൊണ്ട് എന്റെ കവിളിലൂടെ തലോടി, കണ്ണീരൊപ്പിയെടുത്തു. ബെൽ മുഴങ്ങിയതുകേട്ട് ഞാൻ ക്ലാസ്സ്റൂമിലേയ്ക്ക് മെല്ലെ നടന്നു. എന്റെ മനസ്സുമുഴുവൻ ആ കുഞ്ഞിക്കിളിയുടെ ദയനീയമായ രോദനത്തിന്റെ മാറ്റൊലികളായിരുന്നു.

പിറ്റേന്ന് എന്റെ ജന്മനാളായിരുന്നു. വളരെ സന്തോഷത്തോടെ ഞാൻ കുഞ്ഞിക്കിളിയുടെ ആശംസകളേ

# മഞ്ഞുപെയ്യുന്ന താഴ്‌വാരങ്ങൾ

താഴ്‌വാരങ്ങൾ അപ്പോഴും കഥപറഞ്ഞിരുന്നു. ഏതോ ഗന്ധർവ്വസംഗീതം കുളിരണിഞ്ഞ കൂടാരങ്ങളിൽ ഒഴുകിയിറങ്ങി. പൂമരങ്ങൾ സർഗ്ഗോപാസന തുടങ്ങിക്കഴിഞ്ഞിരുന്നു. അയാൾ കുത്തിക്കുറിച്ചിരുന്ന കടലാസുമായി എഴുന്നേറ്റു. ഇന്ന് ഇത്രയും മതി, അത്രയേ ആവൂ. അയാൾ പിറുപിറുത്തു. പിന്നെ ജാലകത്തിലൂടെ താഴ്‌വാരങ്ങളിലേയ്ക്ക് കണ്ണും നട്ട്.......അവിടെ ഉറഞ്ഞാടുന്ന ഒരായിരം കഥകളി വേഷങ്ങൾ, അമർഷം ഉള്ളിലൊതുക്കിയ കർണ്ണനും, അഹങ്കാരംകൊണ്ടുപുളച്ച ദുര്യോധനനും കല്യാണസൗഗന്ധികം തേടിപ്പോയ ഭീമസേനനുമെല്ലാം ആ അരങ്ങിൽ നിറഞ്ഞാടി. അവിടെ കളിവിളക്ക് തെളിഞ്ഞുനിന്നിരുന്നു. ഹൃദയത്തിൽ ഒരായിരം മേളധ്വനികൾ..............

കഥകളീന്നുവച്ചാ ഏട്ടന് ഇത്രയ്ക്കിഷ്ടാ.......എവിടെയോ കുഞ്ഞനിയത്തിയുടെ ശബ്ദം. അയാൾ ഞെട്ടലോടെ ചുറ്റും നോക്കി. ഇല്ല....ആരുമില്ല........അയാൾ പിറുപിറുത്തു. എങ്കിലും ആ ശബ്ദം ആത്മാവിലെവിടെയോ തൊട്ടുവിളിച്ചതുപോലെ......

താഴ്‌വാരങ്ങൾ അയാളുടെ മുന്നിൽ മറഞ്ഞു.

ഉണ്ണീ.........അത് അമ്മയുടെ ശബ്ദമാണ്.

നിന്നോടമ്മയെത്ര തവണ പറഞ്ഞിരിക്കുന്നു. കുരുത്തക്കേടിനൊന്നും പോകരുതേയെന്ന്. ഇവിടുത്തെ കാര്യം നോക്കി അടങ്ങിയൊതുങ്ങിക്കഴിയരുതോ നിനക്ക്. ?

അമ്മേ എനിക്കിതൊന്നും അത്ര വശോല്ല്യ. തറവാട്ടുകാര്യങ്ങളിൽ എനിക്കത്ര താല്പര്യവുമില്ല. കൂട്ടുകാരൊന്നിച്ചു കഥകളി കാണാൻ പോകാന്നു വച്ചാ ഇത്ര വലിയ തെറ്റാ......

നിനക്കിപ്പഴിതൊന്നും മനസ്സിലാകില്ല. ഒരു കാലത്ത് നീയിത് അറിയും. നമ്മുടെ ശാലിക്കുട്ടിയെ കെട്ടിച്ചു വിടണ്ടേ........ആളുകൾക്ക് പണയം വച്ചിരിക്കുന്ന തറവാട്ടുസ്വത്ത് തിരിച്ചുപിടിക്കണ്ടേ ?

അവിടെ ഉണ്ണി തിരിഞ്ഞുനടന്നു. അയാളുടെ മനസ്സിൽ അപ്പോഴും നിറഞ്ഞാടുന്ന കഥകളിരൂപങ്ങൾ.......

അവിടെ കുടുംബബന്ധങ്ങളൊക്കെ അയാൾ മറന്നുകഴിഞ്ഞിരുന്നു. ഇടയ്ക്കൊക്കെ കുഞ്ഞനിയത്തിയുടെ കുസൃതി ചോദ്യങ്ങളുണ്ടായിരുന്നു. മിക്കപ്പോഴും കുളക്കടവിലിരിക്കുമ്പോഴായിരുന്നു അവൾ വരുന്നത്.

ഏട്ടനെന്തേ ഇങ്ങനെ കാട്ടാളൻമാരുടെ കണക്ക് നടക്കുന്നത് ? ഇതും കഥകളിയിലെ വല്ല കഥാപാത്രവും ആവും അല്ലേ ? ആയിരിക്കും ഈ ലോകത്തിലെ ഓരോന്നിനും കഥയുണ്ട്. ആത്മാവു പിടിച്ചുലയ്ക്കുന്ന താളമുണ്ട്. അവയുടെ ഉള്ളിൽ മയങ്ങിക്കിടക്കുന്ന താളനിബദ്ധമായ ചലനമുണ്ട്........അപ്പോൾ ഇനിയുള്ള എത്രയോ കഥകളിൽ നമ്മളൊക്കെ കഥാപാത്രങ്ങളാകാൻ പോകുന്നു.........

അവൾക്ക് ഏട്ടൻ പറയുന്നതൊന്നും മനസ്സിലായില്ലായെന്നു തോന്നുന്നു.

ഈ ഏട്ടൻ ഭ്രാന്ത് പുലമ്പുന്നു. അതും പറഞ്ഞവൾ വീട്ടിലേയ്ക്കോടുകയാണ് പതിവ്.

ജീവിതം കുത്തഴിഞ്ഞുതുടങ്ങിയത് എവിടെയെന്നറിയില്ല.

അനുസരണയില്ലാത്ത കുട്ടിയായപ്പോഴോ ? എന്നും കഥകളിയ്ക്കു പോയപ്പോഴോ ? തറവാട്ടു കാര്യങ്ങൾ നോക്കിനടക്കാഞ്ഞപ്പോഴോ ? അയാൾക്കതൊക്കെ ഉത്തരമില്ലാത്ത ചോദ്യങ്ങളായിരുന്നു.

ഒരിക്കലും നിലയ്ക്കാത്ത ആത്മാവിന്റെ, പ്രകൃതിയുടെ സംഗീതം അയാൾ അനുഭവിച്ചറിഞ്ഞു. മുന്നിലിരിക്കുന്ന ഗ്ലാസ് അയാൾ വലിച്ചെടുത്തു. കാ പകുതിയെത്തിനിൽക്കുന്നു. അയാൾ പേനയെടുത്ത് വീണ്ടും എഴുതിത്തുടങ്ങി. ആ ദിവസം ആരംഭിച്ചത് എവിടെയോ ബഹളം കേട്ടാണ്. അയാൾ ഒന്നെത്തിനോക്കി. മുത്തയേട്ടനാണ് തറവാട്ടുസ്വത്ത് ഭാഗം വയ്ക്കണമത്രേ. അവിടെ അയാൾ സടകുടഞ്ഞെഴുന്നേറ്റു. പാഞ്ഞുചെന്നു ഏട്ടന്റെ മുന്നിലേയ്ക്ക്..........

പിന്നെ തറവാട്ടിലാരും സന്തോഷത്തിന്റെ മുഖം കണ്ടില്ല. എവിടെയും വിങ്ങിയ, അല്ലെങ്കിൽ മരവിച്ച മുഖങ്ങൾ. ആർക്കും ആരുടെയും വേദന മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇടയ്ക്കൊക്കെ അമ്മവന്ന് ശാസിക്കാറുണ്ടായിരുന്നു. ഇപ്പോൾ അതും ഇല്ലാതായിരിക്കുന്നു. തറവാട് ഭാഗംവച്ചും കടം വീട്ടാനുമൊക്കെ നാമാവശേഷമായത് പെട്ടെന്നായിരുന്നു. ശാലിയേട്ടത്തിയുടെയും കുഞ്ഞനിയത്തിയുടെയും തോരാത്ത കണ്ണുകൾ അയാളുടെ ഹൃദയത്തിൽ അഗാധമായ മുറിവുകൾ ഏൽപ്പിച്ചു. അയാൾ ഒരു സാന്ത്വനശബ്ദത്തിനുവേണ്ടി കൊതിച്ചു. അലഞ്ഞുനടന്നു. സ്വന്തം നിലനിൽപ്പിനുവേണ്ടി അയാളുടെ മനസ്സിലെ കലയെ, കഥയെ വിറ്റുതുടങ്ങി.............

പിന്നെ താഴ്‌വാരങ്ങൾ, സത്രങ്ങൾ, പാതയോരങ്ങൾ, ലോഡ്ജുകൾ, അയാളുടെ ജീവിതം വലിഞ്ഞിഴഞ്ഞുനീങ്ങിക്കൊണ്ടേയിരുന്നത് ഇതിലൂടെയൊക്കെയായിരുന്നു.

ഉണ്ണിയെന്ന വ്യക്തി ആരുമല്ലാതായി. മുഖമില്ലാത്ത മനുഷ്യരുടെ കൂട്ടത്തിലൊരുവൻ........

അവിടെ അയാൾ നിർത്തി. പിന്നെ കിടക്കയിലേയ്ക്ക് ചാഞ്ഞു.

കണ്ണുകൾ അടഞ്ഞുവരുന്നു. ആരുടെയൊക്കെയോ അടുത്തുവരുന്ന കാൽപ്പെരുമാറ്റങ്ങൾ...........

തന്നെ ആരോ വലയം ചെയ്തതുപോലെ......ചുറ്റും ദംഷ്ട്രകളുയർത്തി തിളങ്ങുന്ന കണ്ണുകളുമായ് ആരൊ

## മഞ്ഞുപെയ്യുന്ന താഴ്വാരങ്ങൾ തുടർച്ച

ക്കെയോ...... ക്രൂരമായി അവർ അട്ടഹസിക്കുന്നു. അതിൽ കുഞ്ഞനിയത്തിയുടെ, ശാലിയേട്ടത്തിയുടെ...... പിന്നെ ആരുടെയൊക്കെയോ മുഖം.........

എന്തേ.......വരുന്നില്ലേ......അവർ അട്ടഹസിക്കുന്നതു പോലെ..........തന്റെ കൈകളിൽ അവർ ആഞ്ഞുവലിക്കുകയാണ്.

വരുന്നൂ..............വരുന്നൂ............

അയാൾ ചാടിയെണീറ്റു: മുന്നിലെ കടലാസ് അയാൾ ചുരുട്ടിയെറിഞ്ഞു. പിന്നെ ഭ്രാന്തമായ വേഗതയിൽ താഴ്വാരങ്ങളിലേയ്ക്ക്.......

താഴ്വാരങ്ങളിൽ കാതോർത്തിരിക്കുന്നുണ്ടാവാം.........ചിന്നിച്ചിതറിയ ഒരു നിലവിളിയ്ക്ക്..........അതിലെ കഥയ്ക്കുവേണ്ടി.......

ബി. ഉദയകുമാർ
II B.Sc. (Maths)

## എന്റെ കുഞ്ഞിക്കിളി തുടർച്ച

റ്റുവാങ്ങാനായി അരയാലിൻ ചുവട്ടിലേയ്ക്കോടി. എനിക്ക് സ്ക്കൂളിൽനിന്ന് ലഭിക്കുന്ന ആദ്യത്തെ ആശംസ കുഞ്ഞിക്കിളിയുടേതാകണമെന്ന് എനിക്ക് നിർബന്ധമായിരുന്നു. ത്രസിക്കുന്ന ഹൃദയത്തോടെ ഞാൻ അരയാലിൻ കൊമ്പിലേയ്ക്ക് നോക്കി. അവിടം ശൂന്യമായിരുന്നു. വല്ലാത്ത ഭാരം നെഞ്ചിൽ അനുഭവപ്പെട്ടു. ഒത്തിരി നിരാശയും വേദനയും തോന്നി. ഞാൻ ക്ലാസ്സിലേയ്ക്ക് പോയി. ഇടവേള സമയത്തുമാത്രമേ എന്റെ കുഞ്ഞിക്കിളി വരുകയുള്ളുവെന്നുകരുതി ഞാൻ സമാധാനിച്ചു. പക്ഷേ, അപ്പോഴും ഫലം നിരാശയായിരുന്നു. വീണ്ടും ഞാൻ സമാധാനിച്ചു. ഇല്ല ! നാളെ എന്റെ കുഞ്ഞിക്കിളി വരും. എന്നെക്കാണാതെ അതിന് ജീവിക്കാൻ കഴിയുമോ ? പക്ഷേ, പിന്നീടൊരിക്കലും കുഞ്ഞിക്കിളി വന്നില്ല. എന്റെ പ്രതീക്ഷകൾക്ക് ജീവനുണ്ടായില്ല. എന്നെ തനിച്ചാക്കി അതെങ്ങോ പോയ്മറഞ്ഞു. ഇന്നും ഞാൻ ഒരായിരം പ്രതീക്ഷകളോടെ കണ്ണുനട്ടിരിക്കുന്നു. എന്റെ ആശകൾക്ക് ഇന്നും മങ്ങലേറ്റിട്ടില്ല.

സബീന
Final BA (Islamic History)
T.K.M.C.A.S

## ഒരു ഇന്ത്യൻ വിദ്യാർത്ഥിയുടെ ആത്മഗതം

ക്ലാസ്സുമുറികൾക്ക് എല്ലായിടത്തും ഒരൊറ്റ മു
മുഖഛായയാണ്. ശവകുടീരങ്ങളുടെയോ
നന്നങ്ങാടികളുടെയോ ഛായ
അദ്ധ്യാപകർക്കെല്ലാം ഒരൊറ്റ മുഖഛായയാണ്.
ഇംഗ്ലീഷ് പഠിപ്പിക്കുന്നവർക്ക് ഷേക്സ്പിയറിന്റെ ഛായ
സാമ്പത്തികശാസ്ത്രം പഠിപ്പിക്കുന്നവർക്ക്
ആദംസ്മിത്തിന്റേത്,
സയൻസുകാർക്ക് ഗലീലിയോവിന്റേത്
പത്തുവർഷത്തെ അവിരാമമായ
ആതുരസേവനംകഴിയുമ്പോൾ
എല്ലാവരും ഗാന്ധിയുടെ
മഹാത്മഛായ കൈവരിക്കുന്നു. സഹനത്തിന്റെ
മരുഭൂമി പോലത്തെ അതേ പാഴ്ചിരി
നിർമ്മലതയുടെ ക്ലാവുകയറിയ അതേ കൂപ്പുകൈ.
ജീവിച്ചിരിക്കുന്നവരുടെ മുഖഛായ ഒരാൾക്കുമില്ല.

കെ. സച്ചിദാനന്ദൻ

Students Court Judge



NIYAS .A.

Sample Survey Convener



NIZAM

Captain Sr./cdt/



NAVAL (NCC)
JAYAN J.P.

Jn.\ cdt



ANILKUMAR (NCC)

LT. (NCC)



Prof: NOUSHAD .S.M

Canteen Rep.



SHYJITH .B.T

Member Dist. Cricket Team



SAMEER YOOSUF



Inaugural Address
Prof: Madhusudanan Nair

# UniOn Inauguration

Welcome Speech



Prof: Abdul Vahid
(Staff Adviser)

Presidential Address



Maneesh
(Chairman)

Arts Club Inauguration



Sri. Premkumar
(Cine Artist)

Felicitation



Sri. K.P. Viswavalsalan



Felicitation



Prof: Lt. Coln. Basheerkannu



AUDIENCE

Vote of Thanks



Saltus (Gene. Sec.)



GANAMELA



PRECEDIUM

Inaugural Address



Prof: Anithakumari

# Women's Day



Kum. Praseetha



Kurm. Mythily Devi



Kurm. Anitha .P.S.

# യാത്രയുടെ അന്ത്യം

ജൂഹുവിലെ ആ ഇടത്തരം റൂമിന്റെ കനച്ചഗന്ധം അവന് അസഹ്യമായിത്തോന്നി. ആ ഗന്ധം താവനെ മനംപുരട്ടിച്ചു. ഉടൻതന്നെ കിടക്കയിൽനിന്നും എഴുന്നേറ്റ് ഷർട്ടിട്ട് പുറത്തേയ്ക്കിറങ്ങി. സമയം പതിനൊന്നിനോടടുത്തിട്ടേയുള്ളു. വൈകുവോളം എവിടെയെങ്കിലും അലഞ്ഞുതിരിയണം. ദുഃഖങ്ങളും വേദനകളും മറന്ന്. അച്ഛനെ മറന്ന്, അമ്മയെ മറന്ന്, സഹോദരിമാരെ മറന്ന്, സർവ്വോപരി ഇലഞ്ഞിമൂട്ടിൽ രവികുമാർ എന്ന എന്നെത്തന്നെ മറന്ന്. അങ്ങിനെ ഒഴുകിനീങ്ങണം. ബോംബെയിൽ ഇരുണ്ട ചേരികളിലൂടെ, വെളിച്ചം കടന്നുചെല്ലാത്ത ഗലികളിലൂടെ.

ഗലികളിലൊന്നിൽവച്ച് ഒരു പിമ്പ് അവനെ ചരസ്സിന്റെ ലോകത്തേയ്ക്കാനയിച്ചു. അപ്പോളവൻ നാടിനെ മറന്നു. വീടിനെ മറന്നു. എല്ലാവരെയും മറന്നു. ചരസ്സിന്റെ ആജ്ഞയ്ക്കൊത്ത് അവൻ ഒഴുകിയൊഴുകിനീങ്ങി.

റോഡരുകിൽ നിരനിരയായിക്കിടക്കുന്ന റിക്ഷകൾ. മരത്തണലിലിരിക്കുന്ന വ്രണങ്ങൾ കാട്ടി തെണ്ടുന്ന തെണ്ടികൾ. കുറെ പണമുണ്ടായിരുന്നുവെങ്കിൽ തനിക്കവരെയൊക്കെ സഹായിക്കാമായിരുന്നു. ഉടൻതന്നെ അവൻ തന്റെ ധാരണ തിരുത്തി. പണമുണ്ടായിക്കഴിയുമ്പോൾ ഇവരെക്കുറിച്ചു ചിന്തിക്കാൻ സമയമെവിടെ ?



ചരസ്സ് അതിന്റെ കരുത്ത് അവനിൽ നന്നായി പ്രയോഗിച്ചുതുടങ്ങി. കണ്ണുകൾ അവന്റെ ആജ്ഞയെ അനുസരിക്കാതെ അലഞ്ഞുതുടങ്ങി. കൈവിരൽകൊണ്ട് കൺപോളകൾ തുറന്നുപിടിച്ചുകൊണ്ടായി പിന്നത്തെ യാത്ര. തെരുവീഥികളിലൂടെ, എങ്ങോട്ടാണ് പോകുന്നതെന്നറിയാതെ, എങ്ങിനെയാണ് പോകുന്നതെന്നറിയാതെ.

തലയ്ക്കുമുകളിൽ സൂര്യൻ അവനെനോക്കി അട്ടഹസിച്ചു ചിരിക്കുന്നു. തലയ്ക്കുള്ളിൽ കടലിരമ്പുന്നതുപോലെ. വിയർപ്പ് ചാലിട്ടൊഴുകാൻ തുടങ്ങി. തീവണ്ടിയാപ്പീസും കടന്ന് ഖേൽപ്പൂരിലേയ്ക്ക് യാത്ര നീണ്ടു. വൃക്ഷച്ചുവട്ടിലിരുന്ന ഒരു തെണ്ടി ദൈവനാമത്തിൽ അവനോട് ചോദിച്ചു.

ബാബുജി ഏക് പൈസാ

യാത്ര ഖേൽപ്പൂരിലെ ഒരു ചെമ്മൺപാതയിലേയ്ക്ക് നീണ്ടു. കൈവശമുണ്ടായിരുന്ന ഗഞ്ചാവ് ബീഡികളിൽ ഒരെണ്ണത്തിനവൻ തീകൊടുത്തു. ബീഡി ആഞ്ഞുവലിച്ചുകൊണ്ടായി പിന്നത്തെ യാത്ര. ആ യാത്ര അവനെ അവന്റെ പൂർവ്വികരുടെ ഇടയിലെത്തിച്ചു. മരത്തോൽ മാത്രം ധരിച്ച മനുഷ്യർ. മാറുമറയ്ക്കാത്ത സ്ത്രീകൾ. നീണ്ട താടിയും മുടിയുമുള്ള പുരുഷൻമാർ. താൻ അവരിലൊരാളാണോ ? അവരാരും അവനെ കണ്ടതായി ഭാവിക്കുന്നതേയില്ല. പക്ഷേ, അവരുടെയെല്ലാം ഇടയിലൂടെ അവൻ നടന്നു. യുഗാന്തരങ്ങൾക്കപ്പുറത്തേയ്ക്ക്. ചുട്ടുപഴുത്തു കിടക്കുന്ന ഭൂമി. എങ്ങും ഒറ്റ ജീവജാലങ്ങളുമില്ല. പരന്നുകിടക്കുന്ന തരിശുഭൂമി. ചിലയിടങ്ങളിൽ വമ്പൻ പാറക്കൂട്ടങ്ങൾ. എങ്ങും ഭീതിപ്പെടുത്തുന്ന നിശബ്ദത. അവിടെ അവൻമാത്രം. ഭൂമിക്കധിപനായി, സർവ്വ ലോകവും ഭരിക്കാനായി ദൈവം അവനെ അയച്ചിരിക്കുന്നു.

സത്യയുഗങ്ങളും, ത്രേതായുഗങ്ങളും, ദ്വാപരയുഗങ്ങളും കടന്ന് അവൻ വീണ്ടും കലിയുഗത്തിലെത്തിച്ചേർന്നു. കണ്ണുതുറന്നുനോക്കുമ്പോൾ ഉത്തംപുരിയിലെ ഒരു കടത്തിണ്ണയിൽ കിടക്കുകയായിരുന്നു. തൊട്ടടുത്തിരുന്ന് ഒരു പിമ്പ് ചിരിക്കുന്നു. അയാളുടെ താടി മൈലാഞ്ചി പുരട്ടി ചുവപ്പിച്ചിരിക്കുന്നു.

ബാബുജിയ്ക്ക് പെണ്ണിനെ വേണോ ? അയാൾ ചോദിച്ചു. തുടർന്ന് അയാൾ പെൺകുട്ടിയുടെ സൗന്ദര്യത്തെക്കുറിച്ചും, കഴിവിനെക്കുറിച്ചും അവനോട് വർണ്ണിച്ചു. റിക്ഷായിൽക്കയറി അയാൾക്കൊപ്പം യാത്ര തുടർന്നു. മനസ്സു വീണ്ടും പറന്നുയുർന്നു. കണ്ണുകൾ കുമ്പിയടഞ്ഞു.

ബാബുജി ഇറങ്ങിവരു.

മൈലാഞ്ചിത്താടിക്കാരൻ അവനെ കുലുക്കിയുണർത്തി. ഇറങ്ങി അയാളുടെ പുറകേ നടന്നു. ഒരു ബാർബർഷോപ്പിനിടയിലൂടെയുള്ള വഴി. ആ വഴിയുടെ നടുവിലൂടെ ചളിയൊഴുകുന്നു. ഒരു കുടിലിനുമുന്നിൽ

വഴി അവസാനിച്ചു. കുടിലിനുമുന്നിൽ കിടന്ന ചളിപിടിച്ച ഒരു ബെഞ്ചിൽ അയാളവനെ ഇരുത്തി. കുടിലിനകത്തുകയറി ആരോടോ എന്തോ കുശുകുശുത്തു.

ബാബുജി കയറിവരു. അയാൾ വിളിച്ചു.

അവൻ അകത്തേയ്ക്ക് കയറിച്ചെന്നു. തുണികെട്ടി മറച്ച ഒരു കുടുസ് മുറിയിലേയ്ക്ക് അയാളവനെ തള്ളിവിട്ടു. അവിടെ കട്ടിലിൽ ഒരു പെൺകുട്ടിയിരിക്കുന്നു. മുടി പിന്നിയിട്ടിരിക്കുന്ന അവൾ പുറംതിരിഞ്ഞാണിരിക്കുന്നത്. അവൻ അടുത്തേയ്ക്ക് ചെന്ന് അവളുടെ മുഖം പിടിച്ചുയർത്തി. ഒരു മരുഭൂമിയുടെ നിർവ്വികാരത അവനാമുഖത്തു കണ്ടു. സമയം ആരുടെയും ആജ്ഞയ്ക്കു കാത്തുനിൽക്കാതെ പറപറന്നു പൊയ്ക്കൊണ്ടിരുന്നു.

അവളുടെ വിയർത്തുകുളിച്ച ശരീരത്തിൽനിന്നും ആരോ അവനെ പിടലിയ്ക്കു പിടിച്ചു പൊക്കിയെടുത്തു. വെപ്രാളത്തോടെ ചാടിയെണീറ്റ അവൾ ചെറ്റയ്ക്കുപിന്നിൽ മറഞ്ഞു. പോലീസുകാരൻ ഇരുവരെയും തെറികൊണ്ടഭിഷേകം ചെയ്തു. അവനെ വലിച്ചിഴച്ചുകൊണ്ടുവന്ന് വാനിലിട്ടു. ഗഞ്ചാവിന്റെ ലഹരിയിൽ അവൻ ഞരങ്ങുകയും മൂളുകയും ചെയ്തു.

ഒരാഴ്ചത്തെ ജയിൽവാസത്തിനുശേഷം അവൻ പുറത്തിറങ്ങി. നേരെ ലോഡ്ജിനെ ലക്ഷ്യമാക്കി നടന്നു. റോഡുവക്കിലുള്ള ഒരു കടയുടെ കണ്ണാടിയിൽ അവൻ തന്റെ രൂപത്തെ കണ്ടു. കണ്ണുകൾ കുഴിഞ്ഞിരിക്കുന്നു. തലമൊട്ടയടിച്ചിരിക്കുന്നു. കവിളുകൾ ഒട്ടിയിരിക്കുന്നു. കണ്ണാടിയിൽനിന്നും കണ്ണെടുക്കാതെ അവൻ ചോദിച്ചു. രവീ ! ഈ യാത്രയെന്നവസാനിക്കും.

സിയാദ് .എസ്.എം.
III Maths

# യാത്രാമൊഴി

*ചുവടുവയ്ക്കാത്തോരു സൂര്യൻ*
*പടിഞ്ഞാറ് നടതെറ്റിയാഴിയിൽ വീഴ്കെ*
*തൊഴുകൈയ്യുമായി നിന്നു.*
*നിഴലുകൾക്കായ് വിടചൊല്ലിടാം നമുക്ക്*
*വീണ്ടും വിടചൊല്ലിടാം നമുക്ക്*
*കൊഴിയുന്ന മലരിന്റെ*
*കവിളിൽ തലോടുവാൻ*
*കനിയാതെ മാരുതൻ വീണ്ടും*
*കൊഴിയാത്ത സൗരഭ്യയിടം തേടിപ്പാറുന്നു*
*അകാലത്തിലാകുന്നു സർവ്വം*
*ഒന്നൊന്നായകാലത്തിലാകുന്നു സർവ്വം.*
*ശ്രാദ്ധപൂജയ്ക്കായ് കയ്യടിച്ചിന്നു നാം*
*കാത്തിങ്ങ് കാതോർത്തുനിൽക്കെ*
*കണ്ടീല്ലയെങ്ങുമെ കാണില്ലയൊന്നുമേ*
*വിസ്മൃതിയാകുന്നു സർവ്വം*
*ഇന്നും വിസ്മൃതിയാകുന്നു സർവ്വം.*

ജയകുമാർ .കെ
രണ്ടാംവർഷ ബി.എ.
ഇസ്ലാമിക് ഹിസ്റ്ററി

# കുരീപ്പുഴ ശ്രീകുമാർ സംസാരിക്കുന്നു

സലീം എ.എസ്.
രണ്ടാംവർഷ ഡിഗ്രി ബോട്ടണി

- *ക്ലാസ്സ്മുറിയിൽ കവിത ?*
സിലബസ്സിൽ പെടുത്തിയിട്ടുള്ള കവിതകളുടെ തേർവാഴ്ച്ചയിൽപ്പെട്ട് കുട്ടികൾ ചതയുകയും പാഠ്യപദ്ധതിയ്ക്ക് പുറത്തുള്ള കവിതകളെ അഭയ പരിചയായി കുട്ടികൾ സ്വീകരിക്കുകയും ചെയ്യുന്നത് ക്ലാസ്സ് മുറികളിലാണ്. അദ്ധ്യാപകനെ വിദ്യാർത്ഥി ആധുനികകവിത പഠിപ്പിക്കുന്ന പുതിയ വേദിയാണത്.

- *നവീന നിരൂപകൻ ?*
നവീനനിരൂപകന്റെ ഏക സംഭാവന ഭാഷയിലെ കാവ്യസാന്നിദ്ധ്യമാണ്.

- *പുത്തൻ തലമുറയോട് ?*
ഒന്നും ഉപദേശിക്കാനില്ല.

- *അക്ഷരങ്ങളിലൂടെ ആഢ്യത്വം തിരിച്ചുവരുന്നുവോ ?*
ചോദ്യം മനസ്സിലായില്ല

- *സൗന്ദര്യമത്സരങ്ങൾ ?*
സൗന്ദര്യം മത്സരാതീതമാണ്.

- *പ്രസാധകരും എഴുത്തുകാരനും ?*
പ്രസാധകരാൽ കബളിപ്പിക്കപ്പെടുന്നവരാണ് എഴുത്തുകാർ

- *ഇൻഡ്യ ഇനി ?*
അറിയില്ല

- *മറക്കാനാകാത്ത എന്തെങ്കിലും ?*
അനുഭവിച്ചതൊന്നും മറക്കാൻ കഴിയില്ല

- *ഉദാരവൽക്കരണം കവിതയെ എങ്ങനെ സ്വാധീനിക്കും ?*
കവിതയ്ക്ക് പ്രതിരോധസ്വഭാവമുണ്ടാവുകയും ശക്തിപ്രാപിക്കുകയും ചെയ്യും.

- *കവിതയിലെ അതിസംഗീതാത്മകത അർത്ഥഭംഗിക്കു മരണമാകുന്നുവോ ?*
തീർച്ചയായും

- *കാസറ്റ് കവിത കവിതയെ കൂടുതൽ ജനകീയമാക്കുന്നോ ? അതോ ?*
എല്ലാ കവികളുടെയും ശബ്ദം കാസറ്റിലാക്കി സൂക്ഷിക്കേണ്ടതാണ്. ഇതിൽ ജനകീയചിന്തവേണ്ട

- *"വാക്കുകൾ തീമഴ തിമർക്കേണ്ട കാലം" എന്നീ കാലത്തെ വിശേഷിപ്പിക്കരുതോ ?*
ഇതൊരു നപുംസക കാലമാണ്.

- *നമ്പ്യാർ, സഞ്ജയൻ തുടങ്ങിയവർക്കുശേഷം ഹാസ്യത്തിന്റെ നില ?*
കഷ്ടമെന്നേ പറയാനാവൂ

- *ആത്മഹത്യാബോധം കവിതയിൽ ! കവിതയിലെ നന്മയും തിന്മയും ?*
കവിത നന്മയാണ്, ഭഗത്സിംഗിന്റെ രക്തസാക്ഷിത്വമാണ് കവിതയിലെ ആത്മഹത്യാബോധം

## ഫ്രാൻസ്കാഫ്ക

*ഏകാന്തതയുടേയും പേടിയുടേയും വിഭ്രാന്തിയുടേയും ഇരയായിരുന്നു ഫ്രാൻസ്കാഫ്ക. ഒരിക്കൽ ഒരു സ്നേഹിതൻ കാഫ്കയോട് ചോദിച്ചു, നിങ്ങൾ കാസ്പർ ഹൗസിനെന്നപോലെ ഏകാകിയാണോ? കാഫ്ക അതിന് ഇങ്ങനെ മറുപടി പറഞ്ഞു. അതിനേക്കാൾ വഷളാണ് എന്റെ സ്ഥിതി. ഞാൻ ഫ്രാൻസ് കാഫ്കയെപ്പോലെ ഏകാകിയാണ്.*

കാഫ്കയുടെ കഥ

# വഴിയാത്രക്കാർ

രാത്രിയിൽ തെരുവിലൂടെ നടക്കുമ്പോൾ മുമ്പിൽ കാണുന്ന ചരിഞ്ഞ പാതയിൽ നിങ്ങൾ ഒരാളെ കണ്ടുതുടങ്ങുന്നു. ഇന്ന് പൗർണ്ണമിയാണ്. നിങ്ങളുടെ നേരേ ഓടിയടുക്കുന്ന അയാൾക്കു പോകാൻ വഴികൊടുക്കുക. ഒരുപക്ഷേ അയാളെ പിൻതുടർന്ന് മറ്റൊരാൾ വരുന്നുണ്ടാവാം.

നിങ്ങളുടെ മുമ്പിലെ ഈ തെരുവിന്റെ ചരിഞ്ഞ പാതയിൽ പൂർണ്ണചന്ദ്രൻ ഉദിച്ചത് നിങ്ങളുടെ കുറ്റമല്ല. ഇത് രാത്രിയാണ്. ചിലപ്പോൾ ആ രണ്ടുപേരും കൂടി നടത്തുന്ന ഒരു കോമാളിക്കളിയാവും നിങ്ങൾ കാണുന്നത് അല്ലെങ്കിൽ ആ രണ്ടുപേരുടേയും പിറകേ മൂന്നാമനായി ഒരാൾ കൂടിയുണ്ടാകാം. ചിലപ്പോൾ ഒന്നാമൻ യാതൊരുകാരണവും കൂടാതെ പിടിക്കപ്പെട്ടേക്കാം. രണ്ടാമൻ കൊലപാതകിയാകുകയാണെങ്കിൽ നിങ്ങളും ആ കൃത്യത്തിൽ പങ്കാളിയാകേണ്ടിവരും. അല്ലെങ്കിൽ ചിലപ്പോൾ രണ്ടുപേരും പരസ്പരം അറിയാതെ സ്വന്തംവീടുകളിലെ കട്ടിൽതേടി പോവുകയായിരിക്കാം. അല്ലെങ്കിൽ അവർ സ്വപ്നാടത്തിലാണെന്നു വരുമോ? എങ്ങനെയായാലും ഒന്നാമന്റെ കയ്യിൽ ആയുധമുണ്ട്.

അതെന്തായാലും നിങ്ങൾക്കു ക്ഷീണം തോന്നുണ്ടാകാം. ആ വീഞ്ഞത്രയും നിങ്ങൾ കുടിച്ചു തീർത്തുവോ? ആ രണ്ടാമനെ കണ്ടില്ലെങ്കിലും നിങ്ങൾ സന്തോഷവാനാണ്.

**വിവർത്തനം മായ**

# നീയുമിപ്പൂവിനെപ്പോലെ

ഒ.എൻ.വി. കുറുപ്പ്

ആത്മസുഗന്ധം ഒളിപ്പിച്ചുവയ്ക്കുവാ
നാവാത്ത പൂവിനെപ്പോലെ നീയും
പാവമിപ്പൂവിനെ പോലെ

വാക്കിലും നോക്കിലും മൗനസ്മിതത്തിലും
വാർന്നതു സുസ്നേഹഗന്ധം
വീണയിൽ കൈവിരൽത്തുമ്പിലൂടെ വാർന്നു
വീണുനിൻ പ്രാണമരന്ദം

സ്നേഹത്തിൻദൂതുമായ് ശ്യാമളവർണ്ണനാ
മേഘമൊന്നിവഴി പോകവെ
ജീവനിൽ വർഷമയൂരങ്ങൾ വെൺമലർ
പ്പീലി നിവർത്തുകയായി

ആത്മസുഗന്ധ മൊളിപ്പിച്ചുവയ്ക്കുവാ
നാവാത്ത പൂവിനെപ്പോലെ, പാവം
നീയുമിപ്പൂവിനെപ്പോലെ!



# കലി

കലിയുഗത്തിലെ മനുഷ്യൻ തന്നെയാണ് എന്ന് ഓർമ്മിപ്പിക്കുന്നു ചിത്രകാരൻ. സ്വന്തം നെഞ്ചിലാണ് അവൻ കരാളനൃത്തം നടത്തുന്നത്. മുഖംമൂടികളുടെ തടവിൽ നിന്ന് പുറത്തുകടക്കാൻ അവൻ ശ്രമിക്കുന്നു. പരാജയപ്പെടുന്നു. അവനിൽ കിരാതനുണ്ട്. ഹിംസ്രമൃഗമുണ്ട്. അവൻ തീർത്ത മാരകായുധങ്ങൾ തന്നെ അവന്റെ രക്തം ദാഹിച്ച് വീഴുന്നത് കാത്തിരിക്കുന്നു. സ്വന്തം മനസ്സിന്റെ ഉള്ളറകളിലേക്കു നോക്കുമ്പോൾ അവൻ നടുങ്ങുന്നു. അവന് നാശമില്ല. പക്ഷേ മോചനവുമില്ല. അവൻ ജീവിക്കാൻ വിധിക്കപ്പെട്ട കാലത്തിന്റെ തടവുകാരൻ മാത്രം.

(ബി.ഡി. ദത്തന്റെ കലി സീരിയലിനെ കുറിച്ച് എം.ടി.യുടെ കുറിപ്പ്)

# കോതമ്പും വരിനെല്ലും

നാടുവാഴിത്തത്തിന്റെ
മുടന്തൻ കുതിരയെ
കാവിയാൽ പുതപ്പിച്ചും
മുന്നാലെ നടത്തിച്ചും
പണ്ടെങ്ങോ നഷ്ടപ്പെട്ട
ചെങ്കോലും കിരീടവും
വീണ്ടെടുക്കുവാൻ ചാതുർ-
വർണ്ണ്യത്തെ പ്രതിഷ്ഠിച്ചും
അശ്വമേധത്തിനത്രേ
വരുന്നു ചിലർ വീണ്ടും
കാലത്തെ ചരിത്രത്തെ
പിന്നോട്ട് നയിക്കുവാൻ
തങ്ങളിൽകൊന്നും തല്ലി
പ്പിരിഞ്ഞും പ്രിയപ്പെട്ട
നാടിത് വിദേശിക്ക്
കൊള്ളയ്ക്ക് കൊടുത്തതിൻ
ചരിത്രം മറന്നവർ
നാടിന്റെ ചരിത്രവും
നന്മയും വിൽക്കാൻ വൃഥാ-
പ്രതാപം പുലമ്പുന്നു.
കഴുത്തിൽ കുരുക്കാണ്
വീഴുന്നതെന്നോർക്കാതെ
കിഴക്കിൻ ദീപം തല്ലി
ക്കെടുത്തി സുഖിച്ചവർ
പെങ്ങളെ സ്വന്തം പാതിമെയ്യിനെ വിദേശിക്ക്
വിൽക്കുവാൻ-വിൽക്കും കാശാൽ
പശിയാറ്റുവാൻ നിൽക്കും
കാഴ്ച കണ്ടും, യാങ്കി
കഴുകനുറങ്ങവേ:
നാടിന്റെയന്തഃപുരം
തുറന്നിട്ടിരിക്കുന്നു.
സ്വന്തം വിശ്വാസത്തിന്റെ
പ്രൗഢി കാട്ടുവാനന്യ
വിശ്വാസം തകർക്കുന്നു.
പോർവിളി മുഴങ്ങുന്നു.
വർഗ്ഗീയവിഷഭ്രാന്തൻ
നാടിത് വീണ്ടും ചോര-
ക്കളമാക്കുവാൻ ദൈവദൂതൻ-
മാർ നടക്കുന്നു:
അമ്പലം കെട്ടാൻ ചിലർ
പള്ളികൾ പൊളിക്കുന്നു.
അല്ലാഹു സ്വയംസേവാ-
സംഘക്കാർ കയർക്കുന്നു.
രണ്ടുകൂട്ടരും ദൈവ-
രക്ഷതൻ പേരിൽ
കൈകോർത്ത് വോട്ടുബാങ്കുകൾ-
തമ്മിൽ പകുത്ത് കൈമാറുന്നു.
വനങ്ങൾ നാടിൻ തൊഴിൽ-
ശാലകൾ വിൽക്കും പണം
വീതിക്കാനിരിക്കുമ്പോൾ
ഇന്നവർക്കൊരേമതം
അരപ്പട്ടിണിക്കാർക്കു-
മുഴുപ്പട്ടിണിയേകാൻ
ദർബാറു കൂടുമ്പോഴും
ഇന്നവർക്കൊരേജാതി
എന്തൊരത്ഭുതം, സാക്ഷാൽ
കാലാ കാലത്തിൻ മായം
ഹിന്ദുത്വ മിസ്ലാമെത്തും-
അർദ്ധനഗ്നതമാത്രം

ഏതൊരു മതത്തിനും
മുഷ്ക് കാട്ടുവാൻ പാവം
പെണ്ണിന്റെ മടിക്കുത്തും
നിറഞ്ഞ നെഞ്ചിൻ കൂടും
ഏതൊരു മതത്തിനും
വിജയക്കൊടിനാട്ടാൻ
ചുട്ടെരിപ്പിച്ചതിനർദ്ധ
നഗ്നന്റെ കുടിൽ മാത്രം
ഹംസങ്ങളെല്ലാം പാവം
ആടുകളത്രേ ബലി-
ക്കല്ലിന്റെ ദാഹം തീർക്കും
ജന്തുവെന്നല്ലോ ന്യായം
മതത്തിൻപേരിൽ മർത്യ-
കശാപ്പ് നടത്തുവാൻ
കത്തിയും വാളും രാകി-
ത്തേയ്ക്കുന്ന നീചൻമാരെ !
സ്നേഹത്തിൻ പ്രതീകമാ-
ണീശ്വരനെങ്കിൽ നര-
ഭോജികൾ നിങ്ങൾ പോയി-
തുലയൂ നരകത്തിൽ.
ലോകനാണയനിധി-
കാക്കുന്ന ഭൂതങ്ങൾക്ക്
കടിച്ചുകീറി ചോരകുടി-
ക്കാൻ മാത്രം നാടിൻ-
പണിയാളരെപ്പോറ്റും.
ഭാരതത്തിലെ നരസിംഹ-
മവതാരം നാട് തീറെഴുതുമ്പോൾ
ഗാന്ധിക്ക് നേരെ കാഞ്ചി-
വലിച്ച ഗോഡ്സേമാർക്കും
ഗാന്ധിശിഷ്യൻമാർ രഥ-
വീഥികളൊരുക്കുമ്പോൾ.
ദേശീയഗാനത്തിനും
മാറ്റുരയ്ക്കുവാൻ ദേശ
ദ്രോഹികൾ പൗരാണിക
ജാഡകൾ ഘോഷിക്കുമ്പോൾ
ഋഷികൾ മഹാക്രാന്ത
ദർശികളവരുടെ
സ്വപ്നങ്ങൾ വിളഞ്ഞൊരു
സൈന്ധവതീരങ്ങളെ !
അക്ഷയപ്പൊരുൾ നൂറ്-
മേനികൾ വിളയിച്ച
നളന്ദാ, തക്ഷശിലാ-
ക്ഷേത്ര സങ്കേതങ്ങളെ
നിങ്ങളെത്രയോ വൃദ്ധി
ക്ഷയങ്ങൾ കണ്ടു വീണ്ടും
നിങ്ങളീ നൂറ്റാണ്ടിലെ
ഭ്രാതൃഹത്യകം സാക്ഷി
ഉയരും പടയണി-
ക്കഗ്നിമന്ത്രവും ചുണ്ടിൽ
മാനവധർമ്മത്തിന്റെ-
പാഞ്ചജന്യവുമായി
കൊടുങ്കാറ്റുണർത്തുന്ന
പക്ഷിവാഹനമേറി
ഈവഴി വരൂ വേഗം
ഉദയപ്പെരുമാളെ
ഈ ശാന്തിതൻ ഭുവി-
ലിനിയും വിതയ്ക്കുവാൻ
ശാശ്വതസ്നേഹത്തിന്റെ-
കോതമ്പും വരിനെല്ലും.

**വൈശാഖൻ കെ.ബി.**
**III ബി.എ.**
**ഇസ്ലാമിക ചരിത്രം**

# ഇന്ത്യൻ രാഷ്ട്രീയം എങ്ങോട്ട് ?

1947 ആഗസ്റ്റ്മാസം 15-ാം തീയതി ഇന്ത്യ സ്വാതന്ത്ര്യയായപ്പോൾ ഇന്ത്യയിലെ ദേശസ്നേഹികൾ സ്വപ്നംകണ്ട എന്തോഒന്ന് സാധ്യമായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ് അതിന്റെ ലക്ഷ്യം നിറവേറ്റി. നിറവേറ്റിയോ ? അതേ. ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാപിച്ചത് ഇന്ത്യക്ക് സ്വാതന്ത്ര്യം നേടാനായിരുന്നു. അതായിരുന്നു കോൺഗ്രസ്സിന്റെ ലക്ഷ്യം. ലക്ഷ്യം നിറവേറ്റിയില്ലേ പിന്നെയെന്തിന് കോൺഗ്രസ് നിലനിന്നു. പിരിച്ചുവിട്ടുകൂടായിരുന്നോ ? ഇതെല്ലാം ഓരോ ദേശസ്നേഹിയേയും അലട്ടുന്ന ചോദ്യമാണ്. ഒരുപക്ഷേ, അഖണ്ഡഭാരതം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെയായിരിക്കും. ആദ്യമൊക്കെ അത് ഏറെക്കുറെ ശരിയാണെന്ന് തോന്നി. അഭയാർത്ഥിപ്രവാഹം പരിഹരിക്കുകയും ഇന്ത്യയെ നാട്ടുരാജ്യങ്ങളായി മുറിക്കപ്പെടാതെ നിലനിർത്തുകയും ചെയ്തപ്പോൾ കോൺഗ്രസ്സ് ശരിയായ പാതയിലായിരുന്നു.

ഇന്ത്യ റിപബ്ലിക് ആയി. അനേകം പാർട്ടികൾ രംഗപ്രവേശം ചെയ്തു. പലപല ആവശ്യങ്ങളുടെ ലക്ഷ്യങ്ങളും ഉന്നയിച്ചുകൊണ്ടാണിവരുടെ വരവ്. ചിലത് നിലനിന്നു. ചിലത് നശിച്ചു. എല്ലാ പാർട്ടിയുടെയും തത്വങ്ങളും നിയമങ്ങളും മഹത്തായ ആശയങ്ങളാണെന്ന് തോന്നും. മഹത്തായ ആശയങ്ങൾ അടങ്ങുന്ന നിയമാവലി ഇല്ലെങ്കിൽ പാർട്ടിക്ക് നിലനിൽപ്പില്ലെന്ന് അതിന്റെ പ്രവർത്തകർക്ക് നന്നയറിയാം. ഈ നിയമങ്ങളും ചട്ടങ്ങളും കൊണ്ടുള്ള ഗുണമെന്ത് ? ഇത് അലമാരിയിലെ നിയമാവലിയിലും രാഷ്ട്രീയക്കാരന്റെ പ്രസംഗത്തിലും മാത്രമല്ലേ കാണുകയുള്ളൂ. ഇതാണത്രേ രാഷ്ട്രീയത്തിന്റെ ഒരുവശം.

സ്വാർത്ഥമായ ആവശ്യങ്ങൾക്കുവേണ്ടി പലരും രാഷ്ട്രീയത്തെ ബലികഴിപ്പിക്കുന്നു. പ്രസംഗപീഠത്തിൽനിന്ന് പറയുന്നവാക്കുകൾ മറക്കുന്നു. നിയമങ്ങളും ചട്ടങ്ങളും കാറ്റിൽ പറത്തുന്നു. സ്വന്തം കാര്യത്തിനുവേണ്ടി രാഷ്ട്രീയത്തെ ചൂഷണംചെയ്യുന്ന രീതിയും രാഷ്ട്രത്തെ സംബന്ധിക്കുന്നതാണോ ? അത് രാഷ്ട്രീയം കൊണ്ടുള്ള മുതലെടുപ്പാണ്. ഇതാണ് സ്ഥിതിയെങ്കിൽ ഇന്ത്യൻ രാഷ്ട്രീയം എങ്ങോട്ട് ? എവിടെയാണിതിനൊരവസാനം ?

ഇന്ത്യൻ സ്വാതന്ത്ര്യസമരസേനാനികളുടെ സ്വപ്നമായിരുന്നു അഖണ്ഡഭാരതം. ഈ സ്വപ്നം സാക്ഷാത്കരിച്ചോ ? ഇല്ല എന്നതാണ് വാസ്തവം. സ്വാതന്ത്ര്യത്തോടെ ശക്തമായ വിപ്ലവം പ്രതീക്ഷിച്ചവർ ഞെട്ടി. ആരുടെയൊക്കെയോ സ്വാർത്ഥാവശ്യങ്ങൾക്കായി ഭാരതാംബയെ വെട്ടിപ്പിളർന്നു. അതുകണ്ട് പൊട്ടിക്കരയാനേ ദേശസ്നേഹികൾക്കായുള്ളൂ. അവിടെയാണൊരു സംശയം. കോൺഗ്രസ് ലക്ഷ്യം നിറവേറ്റിയോ ?

സ്വാതന്ത്ര്യത്തിനുമുമ്പ് രാഷ്ട്രീയത്തെ ആരും ഒരു തമാശയായി കണ്ടില്ല. ഇന്നിതാ രാഷ്ട്രീയം മുതൽമുടക്കില്ലാത്ത വ്യവസായമായി മാറിയിരിക്കുന്നു. നീതിയുടെ പേരിൽ അധികാരക്കസേരയിൽ കടിച്ചുതൂങ്ങുന്നു. പിന്നെ അതുറപ്പിക്കാനുള്ള കഷ്ടപ്പാടാണ്. പിന്നീട് സ്വാർത്ഥമായ ആവശ്യങ്ങൾക്കുവേണ്ടി അധികാരം ബലികഴിപ്പിക്കുന്നു. ഇതെല്ലാം ചെയ്യുമ്പോൾ ഉണ്ടാകുന്ന നിരൂപണങ്ങളെ ചെറുക്കാൻ അധികാരം വിട്ടൊഴിയുന്നു. എന്താണിതിനർത്ഥം ഇതാണോ രാഷ്ട്രീയം ? ഈ രാഷ്ട്രീയം എങ്ങോട്ട് ?



മുഹമ്മദ് മുസ്തഫ .എസ്
II PDC A1

# മരീചികയ്ക്കു നടുവിൽ

കാലചക്രത്തിന്റെ അതിവേഗമുള്ള മുന്നേറ്റത്തിനിടയിൽ അനവധി പുരാണസ്വപ്നങ്ങൾ പൊലിഞ്ഞു. കെട്ടുറപ്പുള്ള കോട്ടകളും സായുധസാമ്രാജ്യങ്ങളും ഇന്ന് പഴങ്കഥ. പുരാണ പൗരന്റെ പ്രകൃത്യാതീതമായ പ്രതിപാദ്യങ്ങൾ ചരിത്രപുസ്തകത്തിൽ പ്രതിപാദ്യം. എന്തിനേറെപറയണം. പ്രകൃതിക്കുപോലും ഭാവമാറ്റം.

മാറ്റത്തിനൊപ്പം മാറുന്ന ഇന്നത്തെ മനുഷ്യന്റെ മനോദൃഷ്ടിക്കനുസരിച്ച് കൊച്ചുകൊച്ചു സുഖസാമ്രാജ്യങ്ങൾ വാർക്കുന്നു. ഉന്നതി എന്ന സിംഹാസനത്തിനായി നിരന്തരം പോരാടി ജീവകാലം മുന്നോട്ടുപോകുന്നു. ധനസമ്പാദനം ഒരിക്കലും അടങ്ങാത്ത ആഗ്രഹമായി അവനെ ഭരിക്കുന്നു. ഏവർക്കും ഇപ്പോൾ നന്നായി പറക്കുന്നതിനുപരി അത്യുന്നതി കീഴടക്കണം എന്നുള്ള മോഹത്താൽ സൂര്യനുസമീപത്തേയ്ക്ക് കുതിക്കാൻ വെമ്പുന്ന പക്ഷിയുടെ ചിന്താഗതിയാണ്. ഈ പാച്ചിലിനിടയിൽ മറ്റു പക്ഷികളെ തഴയുകയും താഴെയിറക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. ഒടുവിൽ സൂര്യനുസമീപമെത്തുന്നവ ചിറകുകരിഞ്ഞ് ജീവൻ നഷ്ടമാക്കുന്നു. എന്നാൽ നന്നായി പറക്കുന്ന കൊച്ചുകിളി അതിന്റെ കൂട്ടിൽ സുരക്ഷിതമായി എത്തിച്ചേരുന്നു.

മനുഷ്യന്റെ ഇന്നത്തെ അവസ്ഥ ഇതിൽ നിന്നും വ്യത്യസ്ഥമല്ലല്ലോ. സ്വർഗ്ഗസ്വപ്നങ്ങൾ മെനയുന്നതിനിടയിൽ നാമറിയാതെ നമ്മുടെ കഷ്ടപ്പെടുന്ന കൂടപ്പിറപ്പിനെ മറക്കുന്ന സംസ്ക്കാരമായി മാറിയിരിക്കുന്നു. നാം നിത്യം ചവിട്ടിമെതിക്കുന്ന തെരുവീഥിയിൽ രാവണയുന്നവരെ നാം മറക്കുന്നു. നമ്മിൽ സാന്ത്വനസഹായത്തിന്റെ കരങ്ങൾക്ക് അർബുദം വ്യാപിച്ചിരിക്കുന്നു. വീഥിയിൽ പാർക്കുന്ന ബലഹീന മനസ്സുകളെ വിണ്ണിന്റെ പുണ്ണായിക്കാണാൻ ശ്രമിക്കുന്നത് എത്ര ക്രൂരമാണ്.

ദരിദ്രന്റെയും സാധാരണക്കാരന്റെയും നെടുവീർപ്പുകൾ ശൂന്യാകാശത്തിൽ സുപരിചിതമാണ്. ഇവരുടെ കണ്ണുനീർ പാഴ്ത്തുള്ളികൾ ആകുന്നു. ഇവരെ മറക്കുന്നവർ അനേകർ. ശാസ്ത്രത്തിന്റെ പുരോഗതിക്കും ദേശത്തിന്റെ ഉന്നതിക്കും ഇവരുടെ നെടുവീർപ്പിന് ഉത്തരം നൽകുവാൻ കഴിയുന്നില്ല.

മഹാനായ ഇംഗ്ലീഷ് സാഹിത്യകാരൻ ഷേക്സ്പിയർ ഭൂമിയിലെ ജീവിതത്തെ ഒരു നാടകവേദിയായി ചിത്രീകരിച്ചിരിക്കുന്നു. അവനവന്റെ റോൾ അഭിനയിക്കുന്ന മനുഷ്യൻ സാഹോദര്യസ്നേഹം മറക്കുന്നു. അല്പനേരം മാത്രം നീണ്ടുനിൽക്കുന്ന അവന്റെ അഭിനയത്തിനിടയിൽ എന്തെല്ലാം കാട്ടുന്നു. ഏവരും നന്നായി അഭിനയിക്കാൻ മറക്കുന്നു. ജ്ഞാനിയും വിവേകിയുമായിരുന്ന ശലോമോൻ എന്ന യഹൂദരാജാവ് എല്ലാസുഖസൗകര്യങ്ങളും ലോകത്തിൽ സൗഭാഗ്യമെന്നു തോന്നുന്നതെന്തും വെറും അർത്ഥശൂന്യമായ മരീചികയത്രേ എന്നു പ്രഖ്യാപിക്കുന്നു.

ജീവിതത്തിലെ ഏതു സന്ദർഭങ്ങളിലും വേദനിക്കുന്നവനെ കാണുവാൻ, സഹായം നീട്ടുവാൻ സ്നേഹം നൽകുവാൻ കഴിയുന്നത് അമൂല്യനേട്ടമാണ്. ഇത്തരമൊരു മനോവിശാലത വിദ്യാഭ്യാസത്തിനൊപ്പം നേടിയെടുക്കാൻ കഴിഞ്ഞാൽ ഏറ്റവും ഭാഗ്യകരമാണ്. ഈശ്വരൻ മനുഷ്യനിൽ അനേകപ്രതീക്ഷകളോടെ കാത്തുനിൽക്കുന്നു. അനശ്വരതയുടെ കവാടത്തിൽ. ഈശ്വരപ്രതീക്ഷക്കനുസൃതമായി നന്നായി പറക്കുവാൻ മാത്രം നമുക്ക് യത്നിക്കാം.

**സാമുവൽ ഡേവിഡ്**
IInd Year BSc Maths

ശരിയോ ശരിയോ ശരിയോ ശരിയോ ശരിയോ ശരിയോ

# വിദ്യാർത്ഥി രാഷ്ട്രീയം ??????

തെറ്റോ തെറ്റോ തെറ്റോ തെറ്റോ തെറ്റോ തെറ്റോ

നമ്മുടെ മേഖല ചരിത്രത്തിലെ ഒരു പ്രത്യേക കാലഘട്ടത്തിലാണിന്ന്. ഈ കാലഘട്ടത്തിലാണ് വിദ്യാർത്ഥികൾക്ക് രാഷ്ട്രീയം പാടില്ല എന്ന വാദഗതിയുമായി ഒരു കൂട്ടംപേർ രംഗത്തുവന്നിരിക്കുന്നത്. തങ്ങൾക്ക് ഒരു രാഷ്ട്രീയത്തിനോടും അനുഭാവമില്ലെന്നും ആപൽക്കരമായ വിദ്യാലയ രാഷ്ട്രീയത്തിൽ നിന്നും വിദ്യാർത്ഥികളെ മോചിപ്പിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ഇവർ വാദിക്കുന്നു. കലാലയങ്ങളിലെ കുഴപ്പങ്ങൾക്കും വിദ്യാഭ്യാസത്തിന്റെ മൂല്യശോഷണത്തിനും നിലവാരത്തകർച്ചയ്ക്കും വരെ കാരണക്കാർ വിദ്യാർത്ഥി സംഘടനകളും വിദ്യാർത്ഥി രാഷ്ട്രീയവുമാണെന്ന് ഇവർ പ്രചരിപ്പിക്കുന്നു.

എന്നാൽ ഇക്കൂട്ടർ യാഥാർത്ഥ്യമെന്തെന്ന് മനസ്സിലാക്കുന്നില്ല എന്നത് ഒരു ചരിത്രസത്യമാണ്. അരാഷ്ട്രീയ വാദമുഖങ്ങൾ ഉന്നയിക്കുന്ന കറുത്ത കാഷായക്കാരെ നിങ്ങൾ ഒന്നു മനസ്സിലാക്കണം വിദ്യാർത്ഥികൾ നാളത്തെ ഭരണയന്ത്രം നിയന്ത്രിക്കേണ്ടവരാണ്. അവർ രാഷ്ട്രീയമായി പാപ്പരത്തം നേരിടുന്നത് നമ്മുടെ ഭാവിയെ ബാധിക്കുന്ന ഒരു സങ്കീർണ്ണ പ്രശ്നമാണ്. പണ്ട് വിദേശികൾ നമ്മളെ അടിച്ചേൽപ്പിച്ച വിദ്യാഭ്യാസ രീതി ഇന്നും തുടരുകയും വിദ്യാഭ്യാസഘടനയിലും അതിന്റെ ഉള്ളടക്കത്തിലും കാലാനുസൃതവും രാഷ്ട്രീയവുമായ പരിഷ്ക്കാരങ്ങൾ കൊണ്ടുവരാത്തവർ വിദ്യാർത്ഥികളും അവരുടെ സംഘടനാപ്രവർത്തനവും രാഷ്ട്രീയവുമാണ് കുഴപ്പക്കാർ എന്നുപറയുന്നതിൽ യാതൊരു കുഴപ്പവുമില്ല. ഇത് തികച്ചും തെറ്റായ വാദഗതിയാണെന്ന് ഏതൊരു പൗരനും മനസ്സിലാകുന്നതേയുള്ളു. ഇന്നത്തെ വിദ്യാർത്ഥികൾക്ക്, കോളേജ് ക്ലാസ്സുകളിൽ പഠിക്കുന്നവർക്കുപോലും മാതൃഭാഷ പോലും നല്ലവിധം എഴുതാനും വായിക്കാനും അറിയാത്തവരുണ്ട്. എന്നാൽ ഈ മാതൃഭാഷ പഠിപ്പിക്കുന്ന പ്രൈമറിക്ലാസ്സ് തലത്തിൽ രാഷ്ട്രീയമോ സംഘടനാപ്രവർത്തനങ്ങളോ ഇല്ല. ഇനി നിങ്ങൾ പറയുവിൻ വിദ്യാർത്ഥിരാഷ്ട്രീയമാണോ കുഴപ്പക്കാർ.... അല്ല എന്ന് വളരെ വ്യക്തമായി തന്നെ നമുക്ക് പറയാവുന്നതാണ്. കലാലയത്തിൽ നടക്കുന്ന മദ്യം മയക്കുമരുന്ന് എന്നിവയുടെ ഉപയോഗത്തിനും റാഗിംങ്ങ് പോലുള്ള ദുഷ്ചെയ്തികൾക്കുമെതിരെ ഒരിക്കൽപ്പോലും ശബ്ദമുയർത്താൻ ഈ വിദ്യാഭ്യാസസംരക്ഷകർക്ക് കഴിഞ്ഞിട്ടുണ്ടോ ? എന്നാൽ, ഈവക സാമൂഹികവിരുദ്ധ പ്രവർത്തനങ്ങളെയെല്ലാം ചെറുത്തുതോൽപ്പിക്കാൻ വിദ്യാർത്ഥിസംഘടനകൾക്ക് കഴിഞ്ഞിട്ടുണ്ട് എന്ന യാഥാർത്ഥ്യം വിസ്മരിക്കരുത്.

നമ്മുടെ വിദ്യാഭ്യാസരീതിതന്നെ അപ്രായോഗികമാണ്. ഇതിനെ പുനരേകീകരിക്കണമെന്ന് പറയാൻ ഇന്നത്തെ കപട വിദ്യാഭ്യാസ സ്നേഹികൾക്ക് കഴിഞ്ഞിട്ടുണ്ടോ ? വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങളെ അതിന്റേതായ രീതിയിൽ വീക്ഷിച്ച് അതിന് പരിഹാരം കാണാൻ ശ്രമിക്കാതെ വിദ്യാർത്ഥിസംഘടനകളെ പഴിചാരുന്ന പ്രവണത നല്ലതല്ല. കലാലയത്തിൽ അക്രമം നടത്തുന്നത് ആരെന്ന് ഇവർ മനസ്സിലാക്കുന്നില്ല. മദ്യത്തിനും മയക്കുമരുന്നിനും മതചിന്തകൾക്കും അടിമപ്പെട്ട് കലാലയത്തിനുള്ളിൽ അക്രമം അഴിച്ചുവിടുന്ന വിദ്യാഭ്യാസ ദ്രോഹികളെ ഇക്കൂട്ടർ കാണുന്നില്ലേ ?

കലാലയത്തിലെ അക്രമങ്ങൾക്ക് എല്ലാ സംഘടനകളെയും തുല്യകുറ്റക്കാർ ആക്കാൻ ശ്രമിക്കുന്നവർ ഒന്ന് ഓർക്കേണ്ടതാണ്. വിദ്യാഭ്യാസമേഖലയിലും നന്മയും തിന്മയുമുണ്ട്. നന്മയെ പ്രതിനിധാനം ചെയ്യുന്ന മനുഷ്യസ്നേഹത്തിന്റെ ആശയം ഉൾക്കൊള്ളുന്ന വിദ്യാർത്ഥിസംഘടനകൾക്കാണ് കാമ്പസ്സുകളിൽ എക്കാലവും മുൻതൂക്കം. വിദ്യാഭ്യാസഭരണവർഗ്ഗത്തിന്റെ സ്വാധീനവലയത്തിൽ ആയതിനാൽ അവരുടെ നയങ്ങൾ ഇതിൽ പ്രതിഫലിക്കും. തെറ്റായ നയങ്ങളാണെങ്കിൽ വിദ്യാർത്ഥികൾക്ക് പ്രതികരിക്കേണ്ടിവരും. ഇത് രാഷ്ട്രീയകാഴ്ചപ്പാടോടെ തന്നെയായിരിക്കുകയും ചെയ്യും. വർഗ്ഗീയവിഘടനവാദ പ്രവർത്തനങ്ങളിലും സ്വാതന്ത്ര്യത്തെ പണയംവയ്ക്കുകയും ചെയ്യുന്ന ഇന്നത്തെ ഭരണക്രമത്തിനോട് പ്രതികരിക്കേണ്ടത് ചിന്തിക്കുന്ന വിദ്യാർത്ഥികളുടെ കടമയാണ്. അതാണ് അവരുടെ രാഷ്ട്രീയം.

**പ്രശാന്ത് വി.പി. കൊട്ടാരക്കര**
I Bsc Physics

# ഹേ ശ്യാമസുന്ദരാ.......

അക്ഷരത്തെറ്റുകൾ വ്യക്തമാകാറുള്ള,
സൗഹൃദച്ചുവയുള്ള മന്ദഹാസം.
ഉള്ളിന്റെയുള്ളിനെ തൊട്ടുണർത്താറുള്ള
കണ്ണാൽ കുറിക്കും കവിതകളും.
നിന്നെയെനിക്ക് പ്രിയമാണ് എങ്കിലും
നീയെനിക്കപ്രാപ്യൻ സത്യമായും.
ഹേ ശ്യാമസുന്ദരാ നീയെന്നാൽ നന്മയാ
ണീ ഞാനോ ? എന്താണുരക്കേണ്ടു ഞാൻ ?
കവിളിലിരച്ചുകയറുന്ന ശോണിമ
ലജ്ജയാലെന്നു കരുതിയോ നീ ?
